# ഞാൻ ഹജ്ജ് ചെയ്യേണ്ടതെങ്ങനെ?

﴿ كيف أحج؟ ﴾

[ Malayalam – മലയാളം – مليالم ]


**ഡോ. ഉമർ ബ്ൻ ഖലീഫ അൽ ശായിജി**

د. عمر بن خليفة الشايجي

**വിവർത്തനം:**

**മുഹമ്മദ് കുട്ടി കടന്നമണ്ണ**

ترجمة : محمد كطي

പരിശോധന:

**അബ്ദുറസാഖ് സ്വലാഹി**

مراجعة: عبد الرزاق صلاحي



islamhouse.com

1435 - 2014




## താളുകളിൽ


1. ആമുഖം 4
2. ഹജ്ജ് എന്നാൽ 5
3. ഹജ്ജിന്റെ ശ്രേഷ്ഠത 5
4. യാത്രയിലെ പ്രാർത്ഥന 6
5. ഹജ്ജ് എങ്ങനെ പുണ്യകരമാക്കാം 7
6. റുക്നുകൾ 8
7. വാജിബുകൾ 8
8. സുന്നത്തുകൾ 9
9. മൂന്ന് കർമ്മരൂപങ്ങൾ 10
10. ഇഹ്റാം ചെയ്യേണ്ടതെങ്ങനെ 10
11. നിഷിദ്ധം 11
12. അനുവദനീയം 12
13. ഞാൻ എങ്ങനെ തൽബിയത്ത് ചൊല്ലണം 13
14. തൽബിയത്തിന്റെ ശ്രേഷ്ഠത 14
15. ഞാൻ മക്കയിൽ പ്രവേശിക്കേണ്ടതെങ്ങനെ 15
16. ഞാൻ എങ്ങനെ ത്വവാഫ് ചെയ്യണം 16
17. ഒരു പ്രശ്നം 18
18. മുടി മുറിക്കേണ്ടത് / വടിക്കേണ്ടതെങ്ങനെ? 22
19. മുണ്ഡനം / മുടി മുറിക്കൽ അബദ്ധങ്ങൾ 23
20. ദുൽഹജ്ജ് എട്ടിലെ കർമ്മങ്ങൾ 23
21. ഞാൻ അറഫയിൽ നിൽക്കേണ്ടതെങ്ങനെ? 24
22. അറഫയിൽ നിൽക്കൽ: അബദ്ധങ്ങൾ 26
23. മുസ്ദലിഫയിൽ രാപ്പാർക്കേണ്ടതെങ്ങനെ? 26
24. മുസ്ദലിഫയിലെ അബദ്ധങ്ങൾ 27
25. ദുൽഹജ്ജ് പത്തിലെ കർമ്മങ്ങൾ 27
26. പെരുന്നാൾ ദിനം എറിയേണ്ടതെങ്ങനെ? 27

27. അഖബയിലെ ഏറ്: ചില അബദ്ധങ്ങൾ 29
28. ഞാൻ എങ്ങനെ ബലിയറുക്കണം? 29
29. ഞാൻ തഹല്ലുലാവേണ്ടതെങ്ങനെ? 30
30. തഹല്ലുലിൽ സംഭവിക്കുന്ന അബദ്ധങ്ങൾ 31
31. ഞാൻ മിനായിൽ രാപ്പാർക്കേണ്ടതെങ്ങനെ? 31
32. തശ്‌രീഖ് ദിവസങ്ങളിലെ അബദ്ധങ്ങൾ 31
33. തശ്‌രീഖ് ദിവസങ്ങളിലെ ഏറ് 32
34. ഞാൻ ധൃതിയാക്കേണ്ടതെങ്ങനെ? 32
35. ഹജ്ജിൽ നിന്നും വിരമിക്കേണ്ടതെങ്ങനെ? 33
36. ത്വവാഫുൽ വിദാഇലെ അബദ്ധങ്ങൾ 33
37. ഹജ്ജിൽ വ്യാപകമായ ചില അബദ്ധങ്ങൾ 34
38. ത്വവാഫിലെ അബദ്ധങ്ങൾ 34
39. സഅ്‌യിലെ അബദ്ധങ്ങൾ 35
40. മുടി മുറിക്കൽ/വടിക്കലിലെ അബദ്ധങ്ങൾ 35
41. മിനായിൽ സംഭവിക്കുന്ന അബദ്ധങ്ങൾ 36
42. അറഫയിലെ അബദ്ധങ്ങൾ 36
43. മുസ്ദലിഫയിലെ അബദ്ധങ്ങൾ 36
44. ജംറകളിലെ ഏറ്: അബദ്ധങ്ങൾ 36
45. ബലിയറുക്കലിലെ അബദ്ധങ്ങൾ 37
46. ത്വവാഫുൽ വിദാഇലെ അബദ്ധങ്ങൾ 37
47. മദീനാ സന്ദർശനത്തിലെ അബദ്ധങ്ങൾ 37
48. ഹാജിയുടെ ദിനകർമ്മരേഖ 38
49. ചില പ്രാർത്ഥനകൾ 41
50. ഖുർആനിനിലെ ചില പ്രാർത്ഥനകൾ 43
51. സുന്നത്തിൽ നിന്നുള്ള പ്രാർത്ഥനകൾ 48


************



## ആമുഖം

(മുഅ്ജമുൽ ഹജ്ജി വൽ ഉംറ അൽ മുയസ്സറ) എന്ന എന്റെ ഗ്രന്ഥത്തിൽ നിന്നും സമാഹരിച്ചെടുത്ത, ഹജ്ജിന്റെ വിധികൾ പ്രതിപാദിക്കുന്ന ഒരു സംക്ഷിപ്ത സന്ദേശമാണിത്.ഹാജിയെ തന്റെ കർമ്മങ്ങൾ പൂർത്തീകരിക്കാനും തനിക്ക് ചെയ്യൽ നിർബന്ധമായ കാര്യങ്ങളിൽ ഹാജിക്ക് മാർഗദർശനം നൽകാനും ഈ സന്ദേശം പ്രയോജനപ്പെടും. പ്രവാചക തിരുമേനി(ﷺ)യിൽ നിന്ന് ശരിയായി വന്നതിനോട് യോജിച്ച രീതിയിൽ ഇത് ക്രോഡീകരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

-ഗ്രന്ഥകർത്താവ്
ഡോ. ഉമർ ബിൻ ഖലീഫ അൽ ശായിജി.

## ഹജ്ജ് എന്നാൽ

ചില പ്രത്യേക സ്ഥലങ്ങളിലും സമയങ്ങളിലും ചില പ്രത്യേക കർമ്മങ്ങൾ നിർവ്വഹിക്കാനായി മക്കയിലേക്ക് പോവുക എന്നതാണ് ഹജ്ജ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. മുസ്‌ലിമായ, ബുദ്ധിയുള്ള, പ്രായപൂർത്തിയെത്തിയ, പ്രാപ്തിയുള്ള എല്ലാവർക്കും ജീവിതത്തിലൊരിക്കൽ ഹജ്ജ് നിർബന്ധമാണ്. മഹ്റം കൂടെയുണ്ടാവുക എന്നത് സ്ത്രീക്ക് ഹജ്ജ് നിർബന്ധമാവാനുള്ള നിബന്ധനകളിൽ പെട്ടതാണ്. ഹജ്ജ് ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണ്.

## ഹജ്ജിന്റെ ശ്രേഷ്ഠത

അബൂഹുറൈറ(ﷺ)വിൽ നിന്നും നിവേദനം,നബി(ﷺ) പറഞ്ഞു:

(مَنْ حَجَّ فَلَمْ يَرْفُثْ وَلَمْ يَفْسُقْ رَجَعَ كَيَوْمِ وَلَدَتْهُ أُمُّهُ )

‘ഒരാൾ സ്ത്രീ സല്ലാപത്തിലേർപ്പെടുകയോ, തോന്നിവാസം കാണിക്കുകയോ ചെയ്യാതെ ഹജ്ജ് ചെയ്താൽ തന്റെ മാതാവ് തന്നെ പ്രസവിച്ച ദിവസത്തെപ്പോലെ (പരിശുദ്ധിയോടെ) ആയിരിക്കും അവൻ മടങ്ങുന്നത്’.

( وَالْحَجُّ الْمَبْرُورُ لَيْسَ لَهُ جَزَاءٌ إِلَّا الْجَنَّةُ )

‘പുണ്യകരമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല’

മുസ്‌ലിം സഹോദരാ പാപങ്ങളിൽ മുങ്ങിക്കുളിച്ചവരാണ് നാം. ഉദാരനും പൊറുക്കുന്നവനുമായ അല്ലാഹു അവന്റെ കാരുണ്യത്തിന്റെ കവാടങ്ങളിലൊന്ന് നമുക്കായി തുറന്ന് തന്നിരിക്കുകയാണ്. അതാണ് പുണ്യകരമായ ഹജ്ജ്. ഈ വാതിൽക്കലൂടെ പ്രവേശിക്കാൻ താങ്കൾ സന്നദ്ധനാണോ..? അതോ താങ്കൾ പിന്തി നിന്ന് സാവകാശം കൊള്ളുകയാണോ..? ഒടുവിൽ താങ്കൾക്ക് പിറകിൽ അത് അടക്കപ്പെടുന്നത് വരെ..!



## യാത്രയിലെ പ്രാർത്ഥന

الله أكبر، الله أكبر، الله أكبر ( سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْـرِنِينَ ، وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ ) اللَّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَـلِ مَا تَرْضَى ، اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ ، اللَّهُمَّ أَنْـتَ الصَّـاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الْأَهْلِ ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَـاءِ السَّـفَرِ وَكَآبَـةِ الْمَنْظَـرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالْأَهْلِ )

‘ഞങ്ങൾക്ക് വേണ്ടി ഇതിനെ വിധേയമാക്കിത്തന്നവൻ എത്ര പരിശുദ്ധൻ ഞങ്ങൾക്കതിനെ ഇണക്കുവാൻ കഴിയുമായിരുന്നില്ല. നിശ്ചയം, ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിച്ചെത്തുന്നവർ തന്നെയാകുന്നു’ (സുഖ്റുഫ്: 13). ‘അല്ലാഹുവേ, ഈ യാത്രയിൽ പുണ്യത്തിനും തഖ്‌വക്കും നീ തൃപ്തിപ്പെട്ട കർമ്മങ്ങൾക്കുമായി ഞങ്ങൾ നിന്നോട് യാചിക്കുന്നു, അല്ലാഹുവേ, ഈ യാത്ര ഞങ്ങൾക്ക് നീ എളുപ്പമാക്കിത്തരികയും അതിന്റെ ദൂരം ലഘൂകരിക്കുകയും ചെയ്യേണമേ. അല്ലാഹുവേ,യാത്രയിലെ കൂട്ടുകാരനും കുടുംബത്തിലെ പ്രതിനിധിയും നീയാണ്. അല്ലാഹുവേ, യാത്രാ ക്ലേശങ്ങളിൽ നിന്നും മോശമായ കാഴ്ചകളിൽ നിന്നും കുടുംബത്തിലും ധനത്തിലുമുള്ള മോശമായ പരിണിതിയിൽ നിന്നും ഞാൻ നിന്നിൽ ശരണം തേടുന്നു’

തന്റെ നാട്ടിൽ തിരിച്ചെത്തിയാൽ ഇപ്രകാരം പറയണം:

( آيِبُونَ تَائِبُونَ عَابِدُونَ لِرَبِّنَا حَامِدُونَ )

‘അല്ലാഹുവിലേക്ക് മടങ്ങുന്നവരായും പശ്ചാത്തപിക്കുന്നവരായും അവന് ആരാധനകളർപ്പിക്കുന്നവരായും ഞങ്ങളുടെ രക്ഷിതാവിന് സ്തുതികളർപ്പിക്കുന്നവരായും (ഞങ്ങളിതാ തിരിച്ചെത്തിയിരിക്കുന്നു).

## താങ്കളുടെ ഹജ്ജ് എങ്ങനെ പുണ്യകരമാക്കാം?

- ലോകമാന്യതയരുത്. താങ്കളുടെ ഹജ്ജ് കൊണ്ട് അല്ലാഹുവിന്റെ തിരുമുഖം മാത്രം കാംക്ഷിക്കുക.

- താങ്കളുടെ കർമ്മങ്ങൾ തിരുനബി(ﷺ)യുടെ ചര്യപ്രകാരമായിരിക്കാൻ അത്യാർത്തിയുള്ളവനായിരിക്കുക.നബി(ﷺ)പറഞ്ഞു നിങ്ങളുടെ (ഹജ്ജിന്റെ) കർമ്മങ്ങൾ നിങ്ങൾ എന്നിൽ നിന്നും സ്വീകരിക്കുക. അതുകൊണ്ട് ഹജ്ജിന്റെ വിധികളെക്കുറിച്ച് താങ്കൾ ആഴത്തിൽ പഠിച്ചറിയേണ്ടതുണ്ട്. അബദ്ധം പിണയാതിരിക്കാൻ അത് അനിവാര്യമാണ്.

- പശ്ചാത്താപം പുതുക്കുക, തുറന്ന ഹൃദയത്തോടെ അല്ലാഹുവിനോട് പാപ മോചനം തേടുക.

- ഹജ്ജിന് വേണ്ടി താങ്കൾ ചിലവഴിക്കുന്ന ധനം ഹലാലും പരിശുദ്ധവുമായിരിക്കായിരിക്കാൻ ശ്രദ്ധിക്കുക.

- താങ്കളുടെ കുടുംബത്തോട് അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കാൻ വസ്വിയ്യത്ത് ചെയ്യുക.താങ്കളുടെ നാടും കുടുംബവും വിട്ടുപോവുന്നതിന് മുമ്പ് വസ്വിയ്യത്തുകളെല്ലാം എഴുതി രേഖയാക്കാൻ ശ്രദ്ധിക്കുക.

- ഉദ്ദേശിച്ചുപോവുന്ന സ്ഥലങ്ങളുടെ മഹത്വത്തെക്കുറിച്ച് താങ്കൾ ബോധവാനാവുക.

- താങ്കളുടെ അടയാളം അല്ലാഹു പറഞ്ഞതു പോലെയാവാൻ ശ്രദ്ധിക്കുക. അല്ലാഹു പറയുന്നു (ആരെങ്കിലും അല്ലാഹുവിന്റെ അടയാളങ്ങളെ മഹത്വപ്പെടുത്തുന്നതായാൽ അത് ഹൃദയത്തിന്റെ തഖ്‌വയിൽ പെട്ടതു തന്നെയത്രെ) (ഹജ്ജ്: 32)

- ഹജ്ജ് പൂർണ്ണ രൂപത്തിൽ നിർവ്വഹിക്കുന്നതിൽ നിന്ന് താങ്കളുടെ ശ്രദ്ധ തിരിച്ചു വിടുന്ന അനുവദനീയമായ ഐഹിക നേട്ടങ്ങളെത്തൊട്ട് താങ്കൾ ജാഗ്രത പാലിക്കുക.



സഹോദരാ, ചില റുക്നുകളും ചില വാജിബാത്തുകളും ചില സുന്നത്തുകളും ചേർന്നു കൊണ്ടാണ് ഹജ്ജ് ഉണ്ടായിത്തീരുന്നത്. അവയെ ഒരു ചാർട്ടിലൂടെ നാം താങ്കൾക്ക് പരിചയപ്പെടുത്തുകയാണ്.

### റുക്നുകൾ– الأركان

□ ഏതൊരു കർമ്മം അത് നിർവ്വഹിക്കുന്നതിലൂടെയല്ലാതെ ആരാധന പൂർത്തിയാവുകയില്ലെയോ അതാണ് റുക്നു കൊണ്ട് ഉദ്ദേശിക്കുന്നത്.അത് ആരെങ്കിലും ഉപേക്ഷിച്ചാൽ അവന്റെ ഹജ്ജ് നഷ്ടപ്പെട്ടു. ഇതിന് പകരക്കാരനെ ഏൽപ്പിക്കൽ അനുവദനീയമല്ല.

**ഇഹ്റാം:** അതായത് മീഖാതിൽ വെച്ച് കർമ്മത്തിൽ പ്രവേശിക്കുന്നുവെന്ന് ഉദ്ദേശിക്കുക.

മീഖാതിൽ വെച്ച് ഇഹ്റാം വസ്ത്രം ധരിക്കുക

അറഫയിൽ നിൽക്കുക.

ത്വവാഫുൽ ഇഫാദ നിർവ്വഹിക്കുക. (ഏഴ് പ്രദക്ഷിണം)

സ്വഫാ മർവക്കിടയിൽ സ്അ്യ് നടത്തുക(ഏഴ് പ്രാവശ്യം).

### വാജിബുകൾ– الواجبات

□ പ്രവർത്തിച്ചാൽ പ്രതിഫലം ലഭിക്കുന്നതും ഉപേക്ഷിച്ചാൽ ശിക്ഷിക്കപ്പെടുന്നതുമായ കാര്യമാണ് വാജിബ്. ഉപേക്ഷിച്ചവന്ന് നോമ്പ്, അല്ലെങ്കിൽ ധർമ്മം, അല്ലെങ്കിൽ കർമ്മം എന്നിവയിലൊന്ന് നിർബന്ധമാണ്. ശേഷം അതെക്കുറിച്ച് വിശദമാക്കപ്പെടുന്നതാണ്.

പുരുഷൻ വെളുത്ത ഒരു മുണ്ടും തട്ടവും ധരിക്കുക.

സൂര്യാസ്തമയം വരെ അറഫയിലുണ്ടാവുക.

ബലി(പെരുന്നാൾ) ദിവസം നന്നായി വെളുക്കുന്നതു വരെ മുസ്ദലിഫയിൽ രാപ്പാർക്കുക. സ്ത്രീകൾക്കും ബലഹീന

ർക്കും ചന്ദ്രാസ്തമയ ശേഷം പുറപ്പെടാം.

അയ്യാമുത്തശ്‌രീഖ് രാവുകളിൽ മിനയിൽ രാപ്പാർക്കുക.

ബലി ദിവസം ജംറതുൽ അഖബയിലും തശ്‌രീഖ് ദിവസങ്ങളിൽ മൂന്ന് ജംറകളിലും കല്ലെറിയുക.

മുടി വടിക്കുക, മുറിക്കുക.

ത്വവാഫുൽ വിദാഅ്

## സുന്നത്തുകൾ – السنن

□ വാക്കായോ പ്രവർത്തിയായോ അംഗീകാരമായോ വിശേഷണമായോ പ്രവാചകനിൽ നിന്ന് സ്ഥിരപ്പെട്ടു വന്നതാണ് സുന്നത്ത് കൊണ്ട് വിവക്ഷ. അത് ചെയ്യുന്നവന് പ്രതിഫലം ലഭിക്കും, ഉപേക്ഷിച്ചാൽ ശിക്ഷിക്കപ്പെടുകയില്ല.

ഇഹ്റാമിന് വേണ്ടി കുളിക്കുക, സ്ത്രീ ആർത്തവകാരിയോ പ്രസവിച്ചവളോ ആണെങ്കിലും ശരി.

മക്കയിൽ പ്രവേശിക്കുന്നതിന് വേണ്ടിയും അറഫ നാൾക്കു വേണ്ടിയും കുളിക്കുക.

തർവിയ ദിവസം തന്റെ താമസസ്ഥലത്തു നിന്നും ഹജ്ജിന്നായി ഇഹ്റാം ചെയ്യുക.

തർവിയ ദിവസം അഞ്ച് നേരത്തെ നമസ്കാരങ്ങൾ മിനയിൽ വെച്ച് ജംഅ് ആക്കാതെ ഖസ്വ്ർ മാത്രമാക്കി നമസ്കരിക്കുക. പിറ്റേന്ന് ഫജ്ർ നമസ്കരിക്കുകയും സൂര്യൻ ഉദിക്കുകയും ചെയ്യുന്നത് വരെ അവിടെ രാപ്പാർക്കുക.

തശ്‌രീഖ് ദിവസങ്ങളിൽ ചെറിയ ജംറിയിലും മധ്യമ ജംറയിലും എറിഞ്ഞ ശേഷം പ്രാർത്ഥിക്കുക.

അറഫാ ദിവസം ദുഹ്റും അസ്വ്റും ജംഉം ഖസ്വ്റുമാക്കി നമസ്കരിക്കുക.



## മൂന്ന് കർമ്മ രൂപങ്ങൾ

ഹാജി സഹോദരാ, ഹജ്ജിന്ന് മൂന്ന് രൂപങ്ങളുണ്ട് അവ:

**ഒന്ന്: തമത്തുഅ്.** ഹജ്ജിന്റെ മാസങ്ങളിൽ ഉംറക്ക് മാത്രം ഇഹ്റാം ചെയ്യുകയും ശേഷം പൂർണ്ണമായ ഉംറ ചെയ്ത് മുടി മുറിച്ച് ഇഹ്റാമിൽ നിന്നും തഹല്ലുലാവുകയും ശേഷം അതേ വർഷം തന്നെ ദുൽ ഹജ്ജ് എട്ടിന് അതിനായി ഇഹ്റാം ചെയ്യുകയും ചെയ്യലാണ് തമത്തുഅ് എന്ന് പറയുന്നത്. അയാൾക്ക് ബലി നിർബന്ധമാണ്.

**രണ്ട്: ഇഫ്റാദ്.** ഹജ്ജിന് മാത്രം ഇഹ്റാം ചെയ്യുന്നതിനാണ് ഇഫ്റാദ് എന്നു പറയുന്നത്. മക്കയിൽ എത്തിയാൽ ത്വവാ ഫുൽ ഖുദൂം നിർവ്വഹിക്കുകയും (അത് സുന്നത്താണ്) ഉദ്ദേശിക്കുന്നുവെങ്കിൽ ഹജ്ജിനായി സഅ്യ് നടത്തുകയും വേണം. ബലി ദിവസം ത്വവാഫുൽ ഇഫാദ നടത്തുന്നതുവരെ വേണമെങ്കിൽ സഅ്യ് പിന്തിപ്പിക്കാവുന്നതാണ്. പെരുന്നാൾ ദിവസം ജംറതുൽ അഖബയിൽ എറിയുന്നതുവരെ തന്റെ ഇഹ്റാമിൽ ശേഷിക്കുകയും വേണം. അയാൾക്ക് ബലി നിർബന്ധമില്ല.

**മൂന്ന്: ഖിറാൻ.** ഹജ്ജിനും ഉംറക്കും ഒന്നിച്ച് ഇഹ്റാം ചെയ്യുന്നതിന്നാണ് ഖിറാൻ എന്നു പറയുന്നത്. ഇടക്ക് തഹല്ലുലാവാതെ, ഉംറയുടെ കർമ്മങ്ങൾ ഹജ്ജിനോടൊപ്പം പ്രവേശിപ്പിച്ചതു കൊണ്ടാണ് അതിന് ഖിറാൻ എന്ന പേര് ലഭിച്ചത്.ഖാരിനിന്റെ കർമ്മങ്ങൾ മുഫ്രിദിന്റെ കർമ്മങ്ങളെപ്പോലെത്തന്നെയാണ്. ഖാരിന് ബലി നിർബന്ധമാകുമെന്ന് മാത്രം.

### ഇഹ്റാം ചെയ്യേണ്ടതെങ്ങനെ?

കർമ്മങ്ങളിൽ പ്രവേശിക്കുന്നുവെന്ന് ഉദ്ദേശിക്കലും അതിന് വസ്ത്രം ധരിക്കലുമാണ് ഇഹ്റാം.

ഇഹ്റാമും വസ്ത്രം ധരിക്കലും വ്യത്യസ്തമാണെന്ന് അറിയൽ നിർബന്ധമാണ്. കാരണം ഒരുപാട് ആളുകളുടെ ധാരണ ഇഹ്റാമിന്റെ വസ്ത്രം ധരിച്ചാൽ ഇഹ്റാം ആയിയെന്നാണ്. അത് ശരിയല്ല. കാരണം, നിയ്യത്ത് ഉച്ചരിക്കലാണ് യഥാർത്ഥത്തിൽ ഇഹ്റാം.എപ്പോഴാണാ നിയ്യത്ത് ഉച്ചരിക്കുന്നത് അപ്പോഴാണ് യഥാർത്ഥത്തിൽ അയാൾ ഇഹ്റാമിൽ പ്രശിച്ചത്. അത് ഉംറക്കാണെങ്കിലും ഹജ്ജിനാണെങ്കിലും ശരി.

ഇഹ്റാമിൽ പ്രവേശിച്ചു കഴിഞ്ഞാൽ അനുവദനീയമായതും നിഷിദ്ധമായതുമായ ചില കാര്യങ്ങളുണ്ട്. അവ താഴെ വ്യക്തമാക്കുന്നു:

**നിഷിദ്ധം –المحظورات**

റഫ്ഥ്: സംയോഗം, ഭാര്യാഭർത്താക്കന്മാർക്കിടയിലെ ചുംബനം, മറ്റു വികാരപരമായ പ്രവർത്തനങ്ങൾ പോലെയുള്ളവക്കാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

ഫുസൂഖ്: അല്ലാഹുവിനോടുള്ള അനുസരണക്കേട് കാണിക്കലാണ് ഈ പദം കൊണ്ടുള്ള വിവക്ഷ.

ജദൽ: മറ്റുള്ളവരെ കോപിഷ്ഠരാക്കുന്ന തരത്തിലുള്ള തർക്കങ്ങൾ, ചീത്തവിളിക്കൽ, ശകാരിക്കൽ എന്നിവയെല്ലാമാണ് ഉദ്ദേശ്യം.

പുരുഷൻ തുന്നിക്കൂട്ടിയ വസ്ത്രം ധരിക്കൽ

മുടി മുറിക്കൽ, ശരീരത്തിൽ എല്ലായിടത്തെ മുടിയും ഇതിൽ പെടുന്നു.

സുഗന്ധം ഉപയോഗിക്കൽ. (സുഗന്ധമുള്ള വസ്തുക്കളും ഇതിൽ പെടുന്നു). അപ്രകാരം തന്നെ ഇഹ്റാമിന്റെ വസ്ത്രത്തിലും സുഗന്ധം പൂശാൻ പാടില്ല. കുളി കഴിഞ്ഞ ശേഷവും സുഗന്ധവാസന നിലനിറുത്തുന്ന സുഗന്ധമുള്ള സോപ്പും ഉപയോഗിക്കാൻ പാടില്ല.

നഖം മുറിക്കൽ

തലമറക്കൽ

വേട്ടയാടൽ

മരം മുറിക്കൽ



**അനുവദനീയം - المباحات**

ശുദ്ധി, വൃത്തി, തണുപ്പിക്കൽ എന്നിവ ഏതും ഉദ്ദേശിച്ചു കൊണ്ടുള്ള കുളി.

പല്ലു പറിക്കൽ

പൊട്ട്, ഒടിച്ചിൽ പോലെയുള്ളതിന് ബാന്റേജ് കെട്ടൽ

ശരീരത്തിലോ തലയിലോ ചൊറിയുക.

ചെരുപ്പ്, മോതിരം, കണ്ണട, കേൾവി യന്ത്രം, വാച്ച്, ബെൽറ്റ്, പേഴ്സ് പോലെയുള്ളത് ഉപയോഗിക്കൽ.

ഇഹ്റാമിന്റെ വസ്ത്രം മാറ്റുകയും കഴുകുകയും ചെയ്യാം

ഉറക്കം: തന്റെ കർമ്മങ്ങൾ ഭംഗിയായി നിർവ്വഹിക്കേണ്ടതിന് ക്ഷീണം മാറ്റാനും മറ്റുമായി ഉറങ്ങാവുന്നതാണ്.

കൊമ്പുവെക്കൽ.

നേരത്തെ പറഞ്ഞ നിഷിദ്ധമായ കാര്യങ്ങളിൽ നിന്നെല്ലാം വിട്ടുനിൽക്കൽ നിർബന്ധമാണ്. അതിൽ പെട്ട വല്ലതും ആരെങ്കിലും മനപ്പൂർവ്വം ചെയ്താൽ അവൻ പ്രായശ്ചിത്തം ചെയ്യണം. -മൂന്ന് ദിവസം (മക്കയിൽ വെച്ചോ സ്വദേശത്തു വെച്ചോ) നോമ്പു നോൽക്കൽ, അല്ലെങ്കിൽ മക്കയിലെ അറുപത് സാധുക്കൾക്ക് ഭക്ഷണം നൽകൽ, ഓരോ സാധുവിനും അര സ്വാഅ് ഭക്ഷണം എന്ന തോതിലാണ് നൽകേണ്ടത്. ഒരു സ്വാഅ് ഏകദേശം ഒന്നര കിലോ തൂക്കം വരും. അല്ലെങ്കിൽ ബലി നൽകണം. മക്ക

യിൽതന്നെ ഒരു ആടിനെ ബലിയറുക്കുകയും അത് അവിടത്തെ സാധുക്കൾക്ക് വിതരണം ചെയ്യുകയും വേണം.

നേരത്തെ പറഞ്ഞതുപോലെ ചെയ്ത ശേഷം ഇഹ്റാമിന്റെ വസ്ത്രം ധരിക്കണം. പുരുഷൻമാർക്ക് ഒരു മുണ്ടും ഒരു തട്ടവു മാണ് വേണ്ടത്. വെള്ള വസ്ത്രമാണ് ഉത്തമം. സ്ത്രീകൾക്ക് ഭം ഗി വെളിവാക്കാത്ത ഏത് വസ്ത്രവും ആവാം. അവൾ മുഖം മ റക്കാനും കൈയുറ ധരിക്കാനും പാടില്ല. അന്യ പുരുഷന്മാരുടെ സാന്നിദ്ധ്യത്തിൽ മുഖമക്കന താഴ്ത്തിയിടാവുന്നതാണ്.

ശേഷം, മുതമത്തിഅ് ആണെങ്കിൽ (അല്ലാഹുമ്മ ലബ്ബൈക ഉംറതൻ) എന്ന് പറഞ്ഞു കൊണ്ട് നിയ്യത്ത് ചൊല്ലണം. പിന്നീട് ദുൽഹജ്ജ് എട്ടിന് (അല്ലാഹുമ്മ ലബ്ബൈക ഹജ്ജൻ) എന്ന് പറ ഞ്ഞുകൊണ്ട് ഹജ്ജിനും ഇഹ്റാം ചെയ്യണം. എന്നാൽ ഖാരിൻ ആണെങ്കിൽ (അല്ലാഹുമ്മ ലബ്ബൈക ഉംറതൻ വഹജ്ജൻ) എ ന്ന് പറഞ്ഞുകൊണ്ടും, മുഫ്രിദ് ആണെങ്കിൽ (അല്ലാഹുമ്മ ല ബ്ബൈക ഹജ്ജൻ) എന്ന് പറഞ്ഞു കൊണ്ടും ഇഹ്റാം ചെയ്യ ണം. തനിക്ക് കർമ്മങ്ങൾ പൂർത്തീകരിക്കാൻ വല്ല തടസ്സവും ഭ യപ്പെടുന്നുണ്ടെങ്കിൽ നിബന്ധന വെച്ചുകൊണ്ട് ഇഹ്റാമിൽ പ്ര വേശിക്കാവുന്നതാണ്. നിയ്യത്ത് ഉരുവിട്ട ശേഷം അയാൾക്ക് ഇ പ്രകാരം പറയാവുന്നതാണ്. അല്ലാഹുവേ എനിക്ക് വല്ല പ്രതിബ ന്ധവും വരുന്ന പക്ഷം ഞാൻ അവിടെ വെച്ച് ഇഹ്റാമിൽ നിന്ന് ഒഴിവാകുന്നതാണ്. ശേഷം തൽബിയത്ത് ചൊല്ലണം.

### ഞാൻ എങ്ങനെ തൽബിയത്ത് ചൊല്ലണം?

ഹാജിയും ഉംറ ചെയ്യുന്നവനും താഴെ പറയും പ്രകാരമാണ് തൽബിയത്ത് ചൊല്ലേണ്ടത്:



( لَبَّيْكَ اللَّهُمَّ لَبَّيْك ، لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لَا شَرِيكَ لَكَ)

(ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക്ക ലാ ശരീക്ക ലക്ക ലബ്ബൈക്, ഇന്നൽ ഹംദ വന്നിഅ്മത, ലക്ക വൽമുൽക് ലാ ശരീക്ക ലക്).'അല്ലാഹുവേ നിന്റെ വിളിക്കുത്തരം ചെയ്ത് കൊ ണ്ട് ഞങ്ങൾ ഇതാ വന്നിരിക്കുന്നു, ഞങ്ങൾ നിനക്കുത്തരം ചെ യ്തിരിക്കുന്നു, നിനക്ക് യാതൊരു പങ്കുകാരുമില്ല, നിനക്ക് ഞ ങ്ങൾ ഉത്തരം ചെയ്തിരിക്കുന്നു, തീർച്ചയായും എല്ലാ സ്തുതി യും എല്ലാ അനുഗ്രഹങ്ങളും എല്ലാ ആധിപത്യവും നിനക്കാണ്. നിനക്ക് യാതൊരു പങ്കുകാരുമില്ല'.

ഇഹ്റാം ചെയ്തതു മുതൽ മക്കയിൽ എത്തുന്നതുവരെയാ ണ് ഉംറ ചെയ്യുന്നവൻ തൽബിയത്ത് ചൊല്ലേണ്ടത്. ത്വവാഫ് തു ടങ്ങുന്നതു വരെയാണ് വേണ്ടതെന്നും അഭിപ്രായമുണ്ട്.

എന്നാൽ ഹജ്ജിൽ ഇഹ്റാം ചെയ്തതു മുതൽ ബലി ദിവ സം ജംറതുൽ അഖബയിൽ എറിയുന്നതു വരെയാണ് ചൊല്ലേ ണ്ടത്.

### തൽബിയതിന്റെ ശ്രേഷ്ഠത

നബി(ﷺ) പറയുന്നു ഒരു മുസ്ലിം തൽബിയത് ചൊല്ലുമ്പോ ൾ അവന്റെ വലതും ഇടതുമുള്ള കല്ലും മരവും മണ്ണുമൊന്നും തന്നെ തൽബിയത് ചൊല്ലാതിരിക്കുകയില്ല. (തിർമുദി)

തൽബിയത് ചൊല്ലുമ്പോൾ സമ്പ്രദായങ്ങളെ ഒഴിവാക്കുക യും സുന്നത്തിനെ പിൻപറ്റുകയും ചെയ്യണം. പുരുഷൻമാർ ത ൽബിയത് ശബ്ദമുയർത്തിയും സ്ത്രീകൾ താഴ്ത്തിയുമാണ് ചൊല്ലേണ്ടത്. നബി(ﷺ) പറയുന്നു:

'എന്റെ സഖാക്കളോട് തൽബിയത്തും തഹ്ലീലും ഉറക്കെയാക്കാൻ കൽപ്പിക്കണമെന്ന് ജിബ്‌രീൽ എന്റെയടുക്കൽ വന്ന് കൽപ്പിക്കുകയുണ്ടായി' (അൽ ഖംസ)

### ഞാൻ മക്കയിൽ പ്രവേശിക്കേണ്ടതെങ്ങനെ?

ഒരു മുസ്‌ലിം മക്കയിൽ പ്രവേശിക്കുമ്പോൾ താൻ അല്ലാഹുവിന്റെ ഹറമിലാണ് ഉള്ളതെന്നുള്ള ബോധം ഉണ്ടായിരിക്കേണ്ടതുണ്ട്. ആ സ്ഥാനത്തെ മഹത്വപ്പെടുത്തുകയും മാനിക്കുകയും ചെയ്യണം.ഭൂമിയിലെ മറ്റു പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി അവിടെ പാലിക്കപ്പെടേണ്ടതായ ചില നിയമങ്ങളുണ്ടെന്ന് നിർബന്ധമായും ഹാജി അറിഞ്ഞിരിക്കണം. നബി(ﷺ)പറഞ്ഞു:'തീർച്ചയായും മക്കയെ പവിത്രമാക്കിയത് അല്ലാഹുവാണ്, മനുഷ്യനല്ല. അതിനാൽ അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്ന ഒരാൾക്കും അവിടെ രക്തം ചിന്താനോ അവിടത്തെ മരം മുറിക്കാനോ പാടില്ല തന്നെ (ബുഖാരി)

ഹാജി സഹോദരാ, താങ്കൾ മനസിലാക്കുക, മസ്ജിദുൽ ഹറാം അല്ലാഹുവിനെ ആരാധിക്കാനായി ഭൂമിയിൽ ആദ്യമായി നിർമ്മിക്കപ്പെട്ട ഭവനമാണ്, അത് മുസ്‌ലിംകളുടെ ഖിബ്‌ലയാണ്, അവിടെയുള്ള നമസ്കാരം മറ്റെവിടത്തെ നമസ്കാരത്തെക്കാളും ഒരു ലക്ഷം മടങ്ങ് പ്രതിഫലാർഹമാണ്. അതായത് അവിടത്തെ ഒരുനമസ്കാരം അമ്പത്തിയാറ് വർഷത്തെ നമസ്കാരത്തിന് തുല്യമാണെന്ന്.

വലതുകാൽ വെച്ചുകൊണ്ട് താങ്കൾ പ്രവേശിക്കുക. ശേഷം ഇപ്രകാരം പ്രാർത്ഥിക്കുക.

( بِسْمِ اللهِ وَالصَّلَاةُ وَالسَّلَامُ عَلَى رَسُولِ اللهِ ، اللَّهُمَّ اغْفِرْلِي ذُنُوبِي وَافْتَحْ لِي أَبْـوَابَ رَحْمَتِكَ )



(ബിസ്മില്ലാഹി വസ്സ്വലാത്തു വസ്സലാ മു അലാ റസൂലില്ലാഹി, അല്ലാഹുമ്മഗ്ഫിർ ലീ ദുനൂബീ വഫ്ത ഹ് ലീ അബ്‌വാബ റഹ്‌മത്തിക്,) എന്ന് ചൊല്ലുകയും വേണം. 'അല്ലാഹുവേ നിന്റെ നാമത്തിൽ, അല്ലാഹുവിന്റെ ദൂതരുടെ മേൽ രക്ഷയും സമാധാനവും ഉണ്ടാവട്ടെ, അല്ലാഹുവേ എന്റെ പാപങ്ങൾ എനിക്ക് നീ പൊറുത്ത് തരേണമേ, നിന്റെ കാരുണ്യത്തിന്റെ കവാടം എനിക്ക് നീ തുറന്ന് തരികയും ചെയ്യേണമേ,അത്യുദാരമായ അവന്റെ വജ്ഹ് കൊണ്ടും അനാദിയായ അവന്റെ അധികാരം കൊണ്ടും ശപിച്ചാട്ടപ്പെട്ട പിശാചിൽ നിന്നും മഹാനായ അല്ലാഹുവോട് ഞാൻ രക്ഷ തേടുന്നു' എന്നാണിതിന്റെ സാരം.

### ഞാൻ എങ്ങനെ ത്വവാഫ് ചെയ്യണം?

ഹാജി സഹോദരാ മനസിലാക്കുക,ത്വവാഫ് പലയിനം ഉണ്ട്.

**ഒന്ന്: ഉംറയുടെ ത്വവാഫ്.** അത് (മുതമത്തിഇനും ഖാരിനും) ഉംറയുടെ റുക്നുകളിൽ ഒന്നാണ്. എന്നാൽ മുഫ്‌രിദിന് സുന്നത്ത് മാത്രമാണ്. ഇതിന് ത്വവാഫുൽ ഖുദൂം എന്ന് പറയുന്നു.

**രണ്ട്: ത്വവാഫുൽ ഇഫാദ.** അത്(മുതമത്തിഇനും, ഖാരിനും, മുഫ്‌രിദിനും) ഹജ്ജിന്റെ റുക്നുകളിൽ ഒന്നാണ്.

**മൂന്ന്: ത്വവാഫുൽ വിദാഅ്.** അത്(എല്ലാവർക്കും) ഹജ്ജിന്റെ വാജിബുകളിൽ ഒന്നാണ്.

ഹാജി സഹോദരാ.., ത്വവാഫ് തുടങ്ങാനായി ഹജറുൽ അസ്‌വദിന്റെ നേരെ മുന്നോട്ട് ചെല്ലുക. വലതു കൈ കൊണ്ട് ഹജറിനെ സ്പർശിക്കുക,സാധിക്കുമെങ്കിൽ ചുംബിക്കുക. ചുംബിക്കാൻ സാധിച്ചില്ലെങ്കിൽ വലതുകൈ കൊണ്ട് സ്പർശിക്കുകയും കൈ ചുംബിക്കുകയും ചെയ്യുക.അതിനും സാധിച്ചില്ലെങ്കിൽ അതിന്റെ നേരെ ദൂരെ നിന്നെങ്കിലും ആംഗ്യം കാണിക്കുക.അപ്പോൾ (ബിസ്മില്ലാഹ് അല്ലാഹു അക്ബർ) എന്ന് പറയണം. ശേഷം

കഅ്ബയെ തന്റെ ഇടതുഭാഗത്താക്കിക്കൊണ്ട് ത്വവാഫ് ആരംഭി ക്കുക,റുക്നുൽ യമാനിയുടെ അടുത്തെത്തിയാൽ സാധ്യമായെ ങ്കിൽ മാത്രം അതിനെ സ്പർശിക്കണം, ചുംബിക്കാൻ പാടില്ല. പ്രയാസമെങ്കിൽ സ്പർശിക്കേണ്ടതില്ല. അതിനായി തിരക്കാൻ പാടില്ല.റുക്നുൽ യമാനിക്കും ഹജറുൽ അസ്വദിനും ഇടയിൽ

( رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ )

(റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫി ൽ ആഖിറത്തി ഹസനതൻ വഖിനാ അദാബന്നാർ) 'ഞങ്ങളുടെ നാഥാ ഞങ്ങൾ ക്ക് നീ ഇഹലോകത്ത് നല്ലത് പ്രദാനം ചെയ്യേണമേ, പരലോക ത്തും ഞങ്ങൾക്ക് നീ നല്ലത് പ്രദാനം ചെയ്യേണമേ, നരക ശി ക്ഷയിൽ നിന്നും ഞങ്ങളെ നീ രക്ഷിക്കുകയും ചെയ്യേണമേ', എന്ന് പറയണം.

ഓരോ പ്രാവശ്യം ഹജറിന്റെ അടുക്കലൂടെ നടന്നു പോവു മ്പോഴും നേരത്തെ ചെയ്തപോലെ ചെയ്യുകയും തക്ബീർ ചൊ ല്ലുകയും വേണം.ത്വവാഫുകളിലുടനീളം തനിക്ക് ആവശ്യമുള്ള പ്രാർത്ഥനകൾ പ്രാർത്ഥിക്കുകയോ ദിക്റുകളും ഖുർആൻ പാ രായണവും നിർവ്വഹിക്കുകയോ ചെയ്യാം.

ഈ ത്വവാഫിൽ (ത്വവാഫുൽ ഖുദൂം) പുരുഷന്മാർക്ക് 'ഇദ് ത്വിബാഅ്' ചെയ്യലും (തട്ടം വലത്തെ കക്ഷത്തിനടിയിലൂടെ എ ടുത്ത് രണ്ടറ്റവും ഇടത്തെ ചുമലിന്മേൽ ഇട്ട്, വലത്തെ ചുമൽ തുറന്നിടുക) ആദ്യത്തെ മൂന്ന് ചുറ്റിൽ 'റമൽ' നടക്കലും (കാലു കൾ അടുപ്പിച്ച് വെച്ച് ധൃതിയിൽ നടക്കുക)സുന്നത്താണ്.എന്നാ ൽ ത്വവാഫുൽ ഇഫാദയിലും ത്വവാഫുൽ വദാഇലും അപ്രകാ രം വേണ്ടതില്ല.

ത്വവാഫിന് ഏഴ് ചുറ്റുകളാണുള്ളത്, ഓരോ ചുറ്റും ഹജറുൽ അസ്വദിൽ നിന്നും തുടങ്ങി അതിന്റെ അടുക്കൽ തന്നെ അവ



സാനിക്കുന്നു. ഹിജ്റിന് ഉള്ളിലൂടെ(കഅ്ബയുടെ പുറത്ത് കാ ണുന്ന കമാനാകൃതിയിലുള്ള ചുമരിനകത്തുള്ള ഭാഗം) ത്വവാഫ് ചെയ്താൽ ശരിയാവുകയില്ല. കാരണം ഇത് കഅ്ബക്ക് ഉള്ളി ൽപ്പെട്ടതാണ്.

ഏഴ് ചുറ്റ് പൂർത്തിയാക്കിയാൽ പിന്നീട് തക്ബീർ ചൊല്ലുക യോ ഹജറിലേക്ക് ആംഗ്യം കാണിക്കുകയോ ചെയ്യാതെ അവി ടെ നിന്ന് പിരിയുകയാണ് വേണ്ടത്. ഏഴ് ത്വവാഫ് പൂർത്തിയാ ക്കിയാൽ ഇബ്റാഹിം മഖാമിനരികിലേക്ക് ചെല്ലുകയും,

( وَاتَّخِذُوا مِنْ مَقَامِ إِبْرَاهِيمَ مُصَلًّى )

എന്ന് പാരായണം ചെയ്യുകയും വേണം. ശേഷം അതിന്റെ പിന്നിലായി രണ്ട് റക്അ ത്ത് നമസ്കരിക്കണം. സാധ്യമായാൽ അതിന്റെ അടുത്ത് നിൽക്കുക, സാധിക്കാത്ത പക്ഷം വിദൂര ത്തും നിന്ന് നമസ്കരിക്കാം. അതിൽ ഒന്നാമത്തെ റക്അത്തിൽ ഫാതിഹക്ക് ശേഷം قُلْ يَا أَيُّهَا الْكَافِرُونَ എന്ന സൂറത്തും രണ്ടാമത്തെ റക്അത്തിൽ قُلْ هُوَ اللهُ أَحَدٌ എന്ന സൂറത്തും ഓതണം.

**ഒരു പ്രശ്നം**

ത്വവാഫുൽ ഇഫാദ വൈകിപ്പിച്ചു കൊണ്ട്, ത്വവാഫുൽ വ ദാഇന്റെ കൂടെ നിയ്യത്ത് വെച്ചു ചെയ്യാൻ പാടുള്ളതല്ല. ത്വവാ ഫുൽ ഇഫാദയുടെ നിയ്യത്തിനെ മുന്തിക്കുകയും എത്രയും പെട്ടെന്ന് അത് നിർവ്വഹിക്കുകയുമാണ് വേണ്ടത്.കാരണം രോ ഗമോ മറ്റെന്തെങ്കിലും തടസ്സമോ ഉണ്ടായി ഈ കർമ്മം ചെയ്യാ ൻ സാധ്യമാവാതെ വന്നേക്കാം.ഹജ്ജിന്റെ സ്വീകാര്യതക്ക് അ നിവാര്യമായ റുക്നുകളിൽ ഒന്നാണ് ത്വവാഫുൽ ഇഫാദ.

വലിയ തിരക്കുള്ള സമയത്ത് ഹജറിനെ മുത്താൻ വേണ്ടി തിക്കിത്തിരക്കൽ.എത്രത്തോളമെന്നാൽ ചിലപ്പോളത് പരസ്പരം ചീത്ത വിളിക്കലിലേക്കും സംഘട്ടനത്തിലേക്കും വരെ എത്തി

ക്കുന്നു. വിശുദ്ധമായ അല്ലാഹുവിന്റെ ഭവനത്തിൽ, അവന്റെ ഭവനത്തിന്റെ തണലിങ്കൽ, ഈ കർമ്മത്തിനിടയിൽ യോജിക്കാത്ത രൂപത്തിലുള്ള വാക്കുകളും സംഘട്ടനങ്ങളും ഉണ്ടാവുന്നു. അങ്ങനെ ഇതുമുഖേന ത്വവാഫിന്റെ പ്രതിഫലം നഷ്ടപ്പെടുന്നു. അല്ല, കർമ്മം മുഴുക്കെ നഷ്ടപ്പെടുന്നു. അല്ലാഹു പറയുന്നു:

( فَمَن فَرَضَ فِيهِنَّ الْحَجَّ فَلاَ رَفَثَ وَلاَ فُسُوقَ وَلاَ جِدَالَ فِي الْحَجِّ ) ( البقرة : 197)

'ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ പുരുഷ സംസർഗ്ഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല'.

ഈ തിക്കിത്തിരക്ക് ഭയഭക്തിയെ ഇല്ലാതാക്കുകയും ദൈവസ്മരണ മറപ്പിക്കുകയും ചെയ്യുന്നു. ഇത് രണ്ടുമാണല്ലൊ ത്വവാഫിൽ ഉദ്ദേശിക്കപ്പെടുന്ന ഏറ്റവും മഹത്തായ ലക്ഷ്യം.

ത്വവാഫ് ചെയ്യുമ്പോൾ ചിലർ ഓരോ ചുറ്റിലും പ്രത്യേകം ദുആ ചൊല്ലുന്നു. മറ്റൊരു ദുആയും അവർ ചൊല്ലുകയുമില്ല. ദുആ പൂർണ്ണമാവും മുമ്പ് ചുറ്റ് പൂർത്തിയായാൽ, അടുത്തചുറ്റിൽ പുതിയ ദുആ തുടങ്ങാൻ വേണ്ടി അവിടെവെച്ച് നിറുത്തുന്നു, അത് പൂർത്തിയാക്കുന്നില്ല, അതിൽ ശേഷിക്കുന്നത് ഒരു വാക്ക് മാത്രമാണെങ്കിലും. ചുറ്റ് പൂർത്തിയാവും മുമ്പ് ദുആ അവസാനിച്ചാൽ ശേഷം മൗനമായി നീങ്ങുകയും ചെയ്യും.പ്രത്യേക പ്രാർത്ഥനകളെ അവലംബിക്കാതിരിക്കുക, താൻ ഉദ്ദേശിക്കുന്നതെല്ലാം പ്രാർത്ഥിക്കുക എന്നതാണ് ശരി.

ശേഷം സഅ്യ് ചെയ്യാനായി പോവണം.സ്വഫയോടടുത്താൽ

( إِنَّ الصَّفَا وَالْمَرْوَةَ مِن شَعَآئِرِ اللّهِ فَمَنْ حَجَّ الْبَيْتَ أَوِ اعْتَمَرَ فَلاَ جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَا وَمَن تَطَوَّعَ خَيْرًا فَإِنَّ اللّهَ شَاكِرٌ عَلِيمٌ ) ( البقرة : 158 )



(ഇന്നസ്സ്വഫാ വൽമർവത മിൻ ശആഇരില്ലാഹി ഫമൻ ഹജ്ജൽ ബൈത അവിഅ്തമറ ഫലാ ജുനാഹ അലൈഹി അൻ യത്വവ്വഫ ബിഹിമാ, ഫമൻ തത്വവ്വഅ ഖൈറൻ ഫഇന്നല്ലാഹ ശാകിറുൻ അലീം). എന്ന ഖുർആൻ വചനം ഓതൽ സുന്നത്താണ്. ഗാരം: 'തീർച്ചയായും സ്വഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽപ്പെട്ടതാകുന്നു, കഅ്ബാ മന്ദിരത്തിങ്കൽ ചെന്ന് ഹജ്ജോ ഉംറയോ നിർവ്വഹിക്കുന്ന ഏതൊരാളും അതിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുറ്റമൊന്നുമില്ല.ആരെങ്കിലും സൽക്കർമ്മം സ്വയം സന്നദ്ധനായി ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹു കൃതജ്ഞനും സർവ്വജ്ഞനുമാകുന്നു' (ബഖറ: 158).

ശേഷം കഅ്ബയെ കാണുന്നതുവരെ സ്വഫയിലേക്ക് കയറുകയും അതിന് നേരെ തിരിഞ്ഞ് നിന്ന് കൈകൾ ഉയർത്തി താൻ ഉദ്ദേശിക്കുന്നത് പ്രാർത്ഥിക്കുകയും ചെയ്യുക. നബി(ﷺ) ഇവിടെ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു.

( اللهُ أَكْبَرُ اللهُ أَكْبَرُ اللهُ أَكْبَرُ ، لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ، لَا إِلَهَ إِلَّا اللهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الْأَحْزَابَ وَحْدَهُ)

(അല്ലാഹു അക്ബർ അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്ക ലഹു, ലഹുൽ മുൽക്കു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ. ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വനസ്വറ അബ്ദഹു വഹസമൽ അഹ്സാബ വഹ്ദഹു). ''അല്ലാഹു വലിയവൻ, അല്ലാഹു വലിയവൻ, അല്ലാഹു വലിയവൻ. അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല, അവൻ ഏകൻ, എല്ലാ ആധിപത്യവും സർവ്വ സ്തുതിയും അവന്നാണ്, അവൻ എല്ലാറ്റിനും

കഴിവുള്ളവനാണ്. അല്ലാഹുവല്ലാതെ ആരാധ്യനില്ല, അവൻ ഏകൻ, അവന്റെ കരാർ അവൻ പാലിച്ചു, അവന്റെ അടിമയെ അവൻ സഹായിച്ചു, അവൻ തനിച്ച് സംഘങ്ങളെ പരാജയപ്പെടുത്തി'. അത് മൂന്ന് പ്രാവശ്യം ആവർത്തിക്കുകയും അതിനിടയിൽ പ്രാർത്ഥിക്കുകയും വേണം.

ശേഷം സ്വഫായിൽ നിന്നും ഇറങ്ങി നടക്കുക. അങ്ങനെ പച്ച നിറത്തിൽ അടയാളപ്പെടുത്തിയിട്ടുള്ള ഭാഗത്തെത്തിയാൽ അടുത്ത പച്ച അടയാളം വരെ ഓടുക. സാധ്യമായാൽ മാത്രമേ അപ്രകാരം ചെയ്യേണ്ടതുള്ളു, മറ്റുള്ളവർക്കുപദ്രവമുണ്ടാക്കാൻ പാടില്ല. പിന്നീട് മർവയിൽ എത്തുന്നത് വരെ സാധാരണ നിലക്ക് നടന്നാൽ മതി. മർവയിൽ എത്തിയാൽ അതിൽ കയറുകയും ഖിബ്‌ലക്ക് അഭിമുഖമായി നിന്ന് കൈകളുയർത്തി സ്വഫായിൽ പ്രാർത്ഥിച്ച പോലെ പ്രാർത്ഥിക്കുകയും ചെയ്യുക.

പിന്നീട് വീണ്ടും മർവയിൽ നിന്നിറങ്ങി സ്വഫായിലേക്ക് നടക്കുക. നടക്കേണ്ട സ്ഥലങ്ങളിൽ നടക്കുകയും ധൃതി കൂട്ടേണ്ട സ്ഥലങ്ങളിൽ ധൃതി കൂട്ടുകയും ചെയ്യുക. ശേഷം വീണ്ടും സ്വഫായിൽ കയറുകയും ഖിബ്‌ലയെ അഭിമുഖീകരിച്ച് കൈകളുയർത്തി ആദ്യം പ്രാർത്ഥിച്ച പോലെ പ്രാർത്ഥിക്കുകയും വേണം. സഅ്‌യിന്റെ ബാക്കി ഭാഗങ്ങളിലൊക്കെ താനിഷ്ടപ്പെടുന്ന ദിക്‌റുകളും, ഖുർആൻ പാരായണവും ദുആകളും നിർവ്വഹിക്കാവുന്നതാണ്.

ഏഴാമത്തെ പ്രാവശ്യം മർവയിൽ എത്തിക്കഴിഞ്ഞാൽ പിന്നെ പ്രാർത്ഥിക്കാൻ നിൽക്കേണ്ടതില്ല. ഇവിടെ താങ്കളുടെ സഅ്‌യ് അവസാനിക്കുന്നു.

**മുഫ്‌രിദിന് മക്കയിൽ പ്രവേശിച്ച ആദ്യ സമയം തന്നെ ഹജ്ജിന്റെ സഅ്‌യ് ചെയ്യാവുന്നതാണ്. അപ്രകാരം തന്നെ ത്വവാഫുൽ ഇഫാദ കഴിയുന്നതു വരേക്ക് അത് പിന്തിപ്പിക്കുകയുമാവാം.**



## സ്വഫാ മർവക്കിടയിലെ സഅ്‌യിലെ അബദ്ധങ്ങൾ

സഅ്‌യ് ചെയ്യുന്നവരിൽ ചിലർ കുന്നുകളിൽ കയറി കഅ്‌ബയിലേക്ക് മുന്നിട്ട് മൂന്ന് തവണ തക്ബീർ ചൊല്ലി കൈകളുയർത്തി നമസ്കാരത്തിൽ കാണിക്കുന്ന പോലെ ആംഗ്യം കാണിക്കുകയും ശേഷം ഇറങ്ങുകയും ചെയ്യുന്നു. ഇത് അബദ്ധവും പ്രവാചകചര്യക്ക് എതിരുമാണ്.അദ്ദേഹം അനുഷ്ഠിക്കാത്ത കാര്യങ്ങളൊന്നും ചെയ്യാതിരിക്കുക എന്നതാണവരുടെ കടമ.

സ്വഫാമർവയിലുടനീളം ഓടുക എന്നത് മറ്റു ചിലർ ചെയ്യുന്ന അബദ്ധങ്ങളിലൊന്നാണ്.ഇതും പ്രവാചകചര്യക്ക് വിരുദ്ധമാണ്. പച്ച വെളിച്ചം കൊണ്ട് അടയാളപ്പെടുത്തിയ സ്ഥലത്ത് മാത്രം ഓടലും ബാക്കി സ്ഥലങ്ങളിൽ നടക്കലുമാണ് നബിചര്യ.

## മുടി മുറിക്കേണ്ടത് / വടിക്കേണ്ടതെങ്ങനെ?

സഅ്‌യുകൾ പൂർത്തിയാക്കിയാൽ പുരുഷൻ മുണ്ഡനം ചെയ്യുകയോ മുടി മുറിക്കുകയോ ചെയ്യണം.മുണ്ഡനം ചെയ്യലാണ് മുടി മുറിക്കുന്നതിനെക്കാൾ ഉത്തമം. അബ്ദുല്ലാഹിബ്നു ഉമർ (رضي الله عنه) ഉദ്ദരിക്കുന്ന ഹദീസിൽ കാണാം, നബി(ﷺ) പറഞ്ഞു: 'അല്ലാഹുവേ മുണ്ഡനം ചെയ്തവർക്ക് നീ അനുഗ്രഹം ചെയ്യേണമേ..' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ മുടി മുറിച്ചവർക്കും'. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവേ മുണ്ഡനം ചെയ്തവർക്ക് നീ അനുഗ്രഹം ചെയ്യേണമേ..' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ മുടി മുറിച്ചവർക്കും..' അദ്ദേഹം പറഞ്ഞു: 'മുടി മുറിച്ചവർക്കും'(ബുഖാരി) എന്നാൽ മുതമത്തിഇന് ഹജ്ജിൽ നിന്ന് വിരമിക്കുമ്പോൾ മുണ്ഡനം ചെയ്യാനായി മുടി മുറിക്കലാണ് ഉത്തമം.

എന്നാൽ സ്ത്രീ തന്റെ മുഴുവൻ മുടിയിൽ നിന്നും ഒരു വിരൽത്തുമ്പ് നീളത്തിൽ (ഏകദേശം 2 സെ.മീ.) മുറിക്കുകയാണ് വേണ്ടത്. മുണ്ഡനം ചെയ്യാൻ പാടില്ല. മുണ്ഡനവും മുടിമുറിക്ക

ലും തലയുടെ മുഴുവൻ ഭാഗവും ഉൾക്കൊള്ളേണ്ടതാണ്. അല്ലാഹു പറയുന്നു: محلقين رءوسكم 'നിങ്ങളുടെ തലകളെ മുണ്ഡനം ചെയ്തവരായും കൊണ്ട്' (തലയുടെ മുഴുവൻ ഭാഗവും എന്ന അർത്ഥത്തിലാണ് ഈ പ്രയോഗം). അതുപോലെ നബി(ﷺ) തന്റെ തലയുടെ മുഴുവൻ ഭാഗവും മുണ്ഡനം ചെയ്തിട്ടുമുണ്ട്. 'നിങ്ങൾ എന്നിൽ നിന്നും നിങ്ങളുടെ കർമ്മങ്ങൾ സ്വീകരിക്കുക'. എന്ന് അദ്ദേഹം പറയുകയും ചെയ്തു.

ത്വവാഫും സഅ്‌യും മുടി മുറിക്കലും അല്ലെങ്കിൽ മുണ്ഡനം ചെയ്യലും കഴിഞ്ഞതോടെ താങ്കളുടെ ഉംറയുടെ കർമ്മങ്ങൾ പൂർത്തിയായി. താങ്കൾ മുതമത്തിഅ് ആണെങ്കിൽ താങ്കൾ പൂർണ്ണമായും വിരമിച്ചു. ഇഹ്റാമിൽ നിഷിദ്ധമായിരുന്നതെല്ലാം താങ്കൾക്ക് അനുവദനീയമായി.ദുൽഹജ്ജ് എട്ട് (യൗമുത്തർവിയ) വരെ താങ്കൾ കാത്തിരിക്കണം. നാം വിശദീകരിക്കുന്നതു പോലെ താങ്കൾ ഹജ്ജിനായി ഇഹ്റാമിൽ പ്രവേശിക്കുകയും വേണം.

എന്നാൽ ഖാരിനും മുഫ്‌രിദും മുണ്ഡനവും മുറിക്കലും പാടില്ല. ഹജ്ജിൽ നിന്ന് വിരമിക്കുന്നതു വരെ അവർ അവരുടെ ഇഹ്റാമിൽ തന്നെ തുടരേണ്ടതാണ്.

**മുണ്ഡനം / മുടി മുറിക്കൽ: അബദ്ധങ്ങൾ**

തലയുടെ മുഴുവൻ ഭാഗത്ത് നിന്നും മുറിക്കുകയോ വടിക്കുകയോ ചെയ്യാതിരിക്കൽ.

## ദുൽഹജ്ജ് എട്ടിലെ (യൗമുത്തർവിയ) കർമ്മങ്ങൾ

ദുൽഹജ്ജ് 8 (യൗമുത്തർവിയ) ദുഹാ സമയമായാൽ മുതമത്തിഅ് താൻ ഇറങ്ങിത്താമസിക്കുന്ന സ്ഥലത്ത് വെച്ച് ഹജ്ജിന് ഇഹ്റാം ചെയ്യണം.



- ഹാജി (മുതമത്തിഉം, ഖാരിനും, മുഫ്‌രിദും) സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റുന്നതിന് മുമ്പോ അല്ലെങ്കിൽ ശേഷമോ രാപ്പാർക്കുന്നതിന് വേണ്ടി മിനായിലേക്ക് പുറപ്പെടൽ സുന്നത്താണ്.
- ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ ബലി ദിവസം ജംറതുൽ അഖബയിൽ എറിയുന്നത് വരെ തൽബിയത്ത് ചൊല്ലൽ സുന്നത്താണ്.
- അവിടന്ന് ദുഹ്ർ, അസ്വർ, മഗ്‌രിബ്, ഇശാഅ്, ഫജ്ർ എന്നിവ അതാതിന്റെ സമയത്ത് ജംആക്കാതെ നാല് റക്അത്തുള്ളവ രണ്ടാക്കി ചുരുക്കി നമസ്കരിക്കുന്നതും സുന്നത്താണ്.

## ദുൽഹജ്ജ് 9 (അറഫാ ദിവസം)

**ഞാൻ അറഫയിൽ നിൽക്കേണ്ടതെങ്ങനെ?**

ദുൽഹജ്ജ് 9 ന് സൂര്യൻ ഉദിച്ചുകഴിഞ്ഞാൽ മിനായിൽ നിന്നും അറഫയിലേക്ക് പോവുകയും അതിൽ പ്രവേശിക്കുകയും വേണം. ഹാജി പ്രാർത്ഥനയിലും ദിക്‌റുകളിലും ഖുർആൻ പാരായണത്തിലും മുഴുകണം. വർഷത്തിലെ ഏറ്റവും ഉത്തമമായ ദിവസമാണിത്.അല്ലാഹു മലക്കുകളോട് തന്റെ ഹാജികളായ അടിമകളെക്കുറിച്ച് അഭിമാനം കൊള്ളുന്നതാണ്. അബ്ദുല്ലാഹിബ്നു ഉമർ(رضي الله عنه)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു: 'അറഫാദിവസം വൈകുന്നേരം അല്ലാഹു തന്റെ മലക്കുകളോട് അറഫക്കാരെക്കുറിച്ച് അഭിമാനം കൊള്ളും.അവൻ പറയും നോക്കൂ എന്റെ അടിമകൾ.. അവരിതാ പൊടി പുരണ്ടവരായും മുടി ജഡ കുത്തിയവരായും എത്തിയിരിക്കുന്നു'. (തിർമുദി).

സൂര്യൻ മധ്യത്തിൽ നിന്നും തെറ്റിയാൽ ദുഹ്റും അസ്വറും രണ്ട് റക്അത്ത് വീതം ചുരുക്കി ദുഹ്റിന്റെ സമയത്ത് രണ്ടും കൂടി മുന്തിച്ച് നമസ്കരിക്കുകയെന്നത് നബിയുടെ സുന്നത്തിൽ പെട്ടതാണ്.ശേഷം പ്രാർത്ഥനക്കായി ഒഴിഞ്ഞിരിക്കുകയും വേണം.

അറഫാദിവസമുള്ള പ്രാർത്ഥന പ്രാർത്ഥനകളിൽ ഏറ്റവും ഉത്തമമാണ്. നബി(ﷺ) പറഞ്ഞു:

( خَيْرُ الدُّعَاءِ دُعَاءُ يَوْمِ عَرَفَةَ ، وَخَيْرُ مَا قُلْتُ أَنَا وَالنَّبِيُّونَ مِنْ قَبْلِي : لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ )

‘ഏറ്റവും ഉത്തമമായ പ്രാർത്ഥന അറഫാ ദിനമുള്ള പ്രാർത്ഥനയാണ്, ഞാനും എനിക്ക് മുമ്പുള്ള പ്രവാചകന്മാരും പറഞ്ഞിട്ടുള്ള വാക്കുകളിൽ ഏറ്റവും ഉത്തമമായത് (ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്ക ലഹു ലഹുൽ മുൽക്കു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ) എന്നതാണ്’ (മാലിക്). സാരം: ‘അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല, അവൻ ഏകൻ, അവന് യാതൊരു പങ്കുകാരുമില്ല, എല്ലാ ആധിപത്യവും സർവ്വസ്തുതിയും അവന്നാണ്, അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ്’.

അറഫയിൽ എവിടെയും നിൽക്കാവുന്നതാണ്. സൂര്യാസ്തമനത്തിന് മുമ്പ് പിരിഞ്ഞുപോവൽ അനുവദനീയമല്ല. കാരണം നബി(ﷺ) അസ്തമയം വരെ അറഫയിൽ നിൽക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ‘നിങ്ങളുടെ ഹജ്ജിന്റെ കർമ്മങ്ങൾ നിങ്ങൾ എന്നിൽ നിന്നും സ്വീകരിക്കുക’.

പ്രാർത്ഥനയിൽ മുഴുകിക്കൊണ്ടും വിനയവും ഭക്തിയും പ്രകടിപ്പിച്ചുകൊണ്ടും അസ്തമയം വരെ താങ്കൾ അറഫയിൽ കഴിച്ചു കൂട്ടണം. പശ്ചാത്താപം പുതുക്കുകയും രക്ഷിതാവിന്റെ മാപ്പും, അവന്റെ നന്മയും, അവന്റെ അനുഗ്രഹങ്ങളുടെ മികവും കാംക്ഷിച്ച് ഉത്തമമായ മടക്കത്തിന് തയ്യാറാവുകയും വേണം. ഈ അനുഗ്രഹീത നിമിഷങ്ങൾ പരിപോഷിപ്പിക്കുന്നതിൽ നിന്നും വിഘാതമാവുന്ന സകല കാര്യങ്ങളിൽ നിന്നും നീ വിട്ടുനിൽക്കുക.ഉന്നതനായ രാജാധിരാജന്റെ അടുക്കൽ സ്വീകാര്യത ല



ഭിക്കാൻ ആഗ്രഹിച്ചുകൊണ്ട് ഐഹിക വ്യവഹാരങ്ങളിൽ നിന്നും മാറി നിൽക്കുക. ശേഷം രാപ്പാർക്കുന്നതിനായി മുസ്ദലിഫയിലേക്ക് പുറപ്പെടുക.

**അറഫയിൽ നിൽക്കുന്നതിലെ അബദ്ധങ്ങൾ**

അസ്തമനത്തിന് മുമ്പ് ചില ഹാജിമാർ അറഫ വിടുന്നു. ഇത് സുന്നത്തിനെതിരാണ്. നബി(ﷺ) നിന്നത് സൂര്യാസ്തമയം കഴിഞ്ഞ് അസ്തമന കിരണങ്ങൾ മായുന്നത് വരെയായിരുന്നു.

**ഞാൻ മുസ്ദലിഫയിൽ രാപ്പാർക്കേണ്ടതെങ്ങനെ?**

ദുൽഹജ്ജ്-അറഫാ ദിവസം-സൂര്യൻ അസ്തമിച്ച് കഴിഞ്ഞാൽ താങ്കൾ മുസ്ദലിഫയിലേക്ക് പോവണം. പ്രഭാതം മഞ്ഞ വർണ്ണം പ്രാപിക്കുന്നത് വരെ അവിടെ രാപ്പാർക്കണം. എന്നാൽ ബലഹീനർക്കും അവരുടെ വിധിയുള്ളവർക്കും ചന്ദ്രാസ്തമയം വരെ രാപ്പാർത്ത ശേഷം പുറപ്പെടാവുന്നതാണ്. ശേഷം അവർ മിനായിലേക്ക് പോവുകയും വലിയ ജംറയായ ജംറതുൽ അഖബയിൽ എറിയുകയും വേണം. അല്ലെങ്കിൽ മസ്ജിദുൽ ഹറമിലേക്ക് പോയി ത്വവാഫുൽ ഇഫാദയും സഅ്യും നിർവ്വഹിക്കാവുന്നതുമാണ്.

മുസ്ദലിഫയിലെത്തിയാൽ അവിടെ വെച്ച് മഗ്രിബ് മൂന്നും ഇശാഅ് രണ്ടുമായി ജംഉം ഖസ്വ്റുമായി നമസ്കരിക്കുകയാണ് പ്രവാചക ചര്യ. ശേഷം ഫജ്ർ വരെ നബി(ﷺ) കിടന്നുറങ്ങുകയാണ് ചെയ്തത്. പ്രഭാതം നന്നായി മഞ്ഞവർണ്ണം പ്രാപിക്കുന്നതു വരെ അദ്ദേഹം നിന്ന് പ്രാർത്ഥിച്ചു. ശേഷം ജംറതുൽ അഖബയിൽ എറിയാനായി മിനായിലേക്ക് തിരിച്ചു.

************

## മുസ്ദലിഫയിലെ അബദ്ധങ്ങൾ

മുസ്ദലിഫയിൽ രാത്രി വിശ്രമിക്കുകയെന്നതാണ് നിയമമാക്കപ്പെട്ടിരിക്കുന്നത്. ദുൽഹജ്ജ് പത്തിലെ കർമ്മങ്ങൾക്ക് ഉന്മേഷവും ഉണർവ്വും കിട്ടാൻ വേണ്ടിയാണത്.എന്നാൽ ചില ഹാജിമാർ ഇവിടെ രാത്രി ഉറക്കമൊഴിച്ച് സമയം കളയുന്നു.-അല്ലാഹു അവരെ നേർമാർഗത്തിലാക്കട്ടെ- അവർ പ്രവാചക ചര്യക്ക് എതിരാണ് ചെയ്യുന്നത്.

## ദുൽഹജ്ജ് പത്തിലെ കർമ്മങ്ങൾ (ഹജ്ജുൽ അക്ബർ, ബലിപെരുന്നാൾ ദിനം)

(ജംറത്തുൽ അഖബയിൽ എറിയൽ, ബലിയറുക്കൽ, മുടി നീക്കൽ അല്ലെങ്കിൽ മുറിക്കൽ, ത്വവാഫുൽ ഇഫാദ, സഅ്യ്).

ഈ ക്രമം പാലിക്കണമെന്ന് നിർബന്ധമില്ല. കാരണം,ഈ ദിവസത്തിലെ കർമ്മങ്ങളെക്കുറിച്ച് നബി(ﷺ)യോട് ചോദിച്ചവരോടൊക്കെ അദ്ദേഹം പറഞ്ഞത്: 'ചെയ്തോളൂ വിരോധമില്ല' എന്നായിരുന്നു.

**ഞാൻ ജംറതുൽ അഖബയിൽ എറിയേണ്ടതെങ്ങിനെ?**

ദുൽഹജ്ജ് ബലി ദിവസമായാൽ (ഹജ്ജിൽ ഏറ്റവും കൂടുതൽ കർമ്മങ്ങൾ നടക്കുന്ന ദിവസമായതുകൊണ്ട് ഈ ദിവസത്തിന്ന് ഹജ്ജുൽ അക്ബർ എന്ന് പറയുന്നു) താങ്കൾ മിനായിലേക്ക് പോകുകയും ഖിബ്‌ലയുടെ ഭാഗത്തുനിന്ന് ഏറ്റവും അടുത്തതും വലുതുമായ ജംറയായ ജംറതുൽ അഖബയെ എറിയുകയും വേണം. ഏഴ് ചെറിയ കല്ലുകളാണ് എറിയേണ്ടത്. ഓരോന്നിന്റെയും കൂടെ തക്ബീർ ചൊല്ലണം.കല്ലുകൾ തളത്തിനകത്ത് തന്നെ വീണിട്ടുണ്ടെന്ന് താങ്കൾ ഉറപ്പുവരുത്തുക.



കല്ലുകൾ താങ്കൾക്ക് മക്കയിൽ നിന്നും മറ്റെവിടെ നിന്നും ശേഖരിക്കാവുന്നതാണ്. അതിന് പ്രത്യേകം സ്ഥലം നിശ്ചയിക്കപ്പെട്ടിട്ടില്ല. കടലമണിയോളം വലിപ്പമുള്ള കല്ലുകളാണ് എടുക്കേണ്ടത്.

ജംറതുൽ അഖബയെ എറിയുന്നത് സംബന്ധമായി ഫദീലതു ശൈഖ് ഇബ്നുൽ ഉഥൈമീൻ(رحمه الله) പറയുന്നു (കഴിവും ഉന്മേഷവുമുള്ളവർ പെരുന്നാൾ ദിവസം ജംറതുൽ അഖബയെ എറിയേണ്ടത് പെരുന്നാൾ ദിവസം സൂര്യോദയത്തിന് ശേഷമാണ്. എന്നാൽ സ്ത്രീകൾ,കുട്ടികൾ പോലെ ബലഹീനരും തിക്കിത്തിരക്ക് താങ്ങാൻ കഴിയാത്തവരുമായ ആളുകൾക്ക് രാത്രിയുടെ അന്ത്യയാമത്തിൽ എറിയാവുന്നതാണ്. അസ്മാ ബിൻത് അബീ ബകർ(رضي الله عنها) മുസ്ദലിഫയിൽ നിന്നും മിനായിലേക്ക് പുറപ്പെടാൻ ചന്ദ്രാസ്തമയം പ്രതീക്ഷിച്ചിരിക്കാറുണ്ടായിരുന്നു. ചന്ദ്രൻ അസ്തമിച്ചാൽ അവർ മിനായിലേക്ക് പോവുകയും ജംറതുൽ അഖബയെ എറിയുകയും ചെയ്യും. സൂര്യാസ്തമയത്തോടെ ഈ ദിവസം എറിയാനുള്ള സമയം അവസാനിക്കുന്നു. തിരക്കുള്ളത് കാരണത്താലോ, ജംറയിൽ നിന്ന് വിദൂരമായതിനാലോ രാത്രിയിലേക്ക് വൈകിപ്പിക്കുന്നതിന് വിരോധമില്ല. എന്നാൽ പിറ്റേന്ന് പ്രഭാതം വരെ വൈകിപ്പിക്കാൻ പാടില്ല. (ഫതാവാ അർകാനുൽ ഇസ്‌ലാം പേ. 48)

താങ്കൾ മുതമത്തിഒാ ഖാരിനോ ആണെങ്കിൽ ശേഷം താങ്കൾ ബലിയറുക്കണം.

************

## ജംറതുൽ അഖബയിൽ എറിയുന്നതിലെ ചില അബദ്ധങ്ങൾ

മുസ്ദലിഫയിൽ നിന്ന് തന്നെ കല്ലുകൾ ശേഖരിക്കൽ അനിവാര്യമാണെന്ന വിശ്വാസം.

കല്ലുകൾ സംസം വെള്ളം കൊണ്ട് കഴുകൽ

പിശാചിനെ എറിയുകയാണെന്ന ചിലരുടെ വിശ്വാസം.

കല്ലുകൾ തളത്തിൽ വീണിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താതിരിക്കൽ

## ഞാൻ എങ്ങനെ ബലിയറുക്കണം?

ജംറതുൽ അഖബയിൽ എറിഞ്ഞുകഴിഞ്ഞാൽ താങ്കൾ മുതമത്തിഓ ഖാരിനോ ആണെങ്കിൽ ബലിയറുക്കണം. (ആട്, മാട്, ഒട്ടകം) എന്നിവയാണ് ബലി മൃഗങ്ങൾ. ഹറമിൽ വെച്ച് അറുക്കാവുന്നതാണ്. എന്നാൽ മിനായിൽ വെച്ച് അറുക്കുകയും അതിൽ നിന്ന് താങ്കൾ ഭക്ഷിക്കുകയും ചെയ്യലാണ് സുന്നത്ത്.

ഒരാൾക്ക് ഒരു ആടിനെയാണ് അറുക്കേണ്ടത്. എന്നാൽ മാടിലും ഒട്ടകത്തിലും ഏഴ് പങ്ക് ചേർന്ന് അറുക്കാവുന്നതാണ്. അറുക്കാൻ മറ്റുള്ളവരെ ഏൽപ്പിക്കുന്നതിന് വിരോധമില്ല.ഏതെങ്കിലും സ്ഥാപനത്തെയോ അല്ലെങ്കിൽ അവരോടൊപ്പം ഹജ്ജ് ചെയ്യുന്ന വ്യക്തികളെയോ അല്ലെങ്കിൽ ബലിയറുക്കുന്നതിന് പ്രത്യേകം ചുമതലപ്പെടുത്തപ്പെട്ട ഓഫീസുകളെയോ അതിന്റെ വില കൊടുത്ത് ഏൽപ്പിക്കുന്നതിന് വിരോധമില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് മക്കയിൽ വ്യാപകമായുള്ളതാണ്.

ശേഷം താങ്കൾ മുടി മുറിക്കുകയോ അല്ലെങ്കിൽ മുണ്ഡനം ചെയ്യുകയോ ചെയ്ത് ഇഹ്റാമിൽ നിന്നും തഹല്ലുലാവേണ്ടതാണ്. ശ്രേഷ്ഠം മുണ്ഡനം തന്നെയെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ.



ശേഷം ത്വവാഫുൽ ഇഫാദ നിർവ്വഹിക്കുവാനായി താങ്കൾ മസ്ജിദുൽ ഹറാമിലേക്ക് പോവുക. ത്വവാഫിന് ശേഷം സഅ്യും നിർവഹിക്കുക.. അത് സംബന്ധമായ വിശദീകരണം മുമ്പ് കഴിഞ്ഞിട്ടുണ്ട്.

## ഞാൻ തഹല്ലുലാവേണ്ടതെങ്ങനെ?

ഇഹ്റാമിൽ നിന്നും, ഇഹ്റാമിൽ വിരോധിക്കപ്പെട്ട കാര്യങ്ങളിൽ നിന്നും മുക്തമാവലിന്നാണ് തഹല്ലുൽ എന്ന് പറയുന്നത്.

മുടി മുറിക്കുകയോ വടിക്കുകയോ ചെയ്യുന്നതിലൂടെ ഉംറയിൽ നിന്നും തഹല്ലുലാവുന്നു. എന്നാൽ ഹജ്ജിൽ തഹല്ലുൽ രണ്ട് ഇനമുണ്ട്. അവ:

ഒന്നാമത്തെ തഹല്ലുൽ താഴെ പറയുന്ന കർമ്മങ്ങളിൽ നിന്നും രണ്ടെണ്ണം പ്രവർത്തിക്കുന്നതിലൂടെ ഇപ്രകാരം ഭാഗികമായ തഹല്ലുൽ ആവുന്നു. അവ:

ജംറതുൽ അഖബയിൽ എറിയൽ, മുടി മുറിക്കൽ അല്ലെങ്കിൽ വടിക്കൽ, ത്വവാഫുൽ ഇഫാദയും ഹജ്ജിന്റെ സഅ്യും.

ഇപ്രകാരം രണ്ടെണ്ണം നിർവ്വഹിക്കുന്നതിലൂടെ സ്ത്രീ സംസർഗം ഒഴികെ ബാക്കിയെല്ലാം അനുവദനീയമാകുന്നു.

രണ്ടാം തഹല്ലുൽ (ജംറതുൽ അഖബയിൽ എറിയൽ, മുടി മുറിക്കൽ അല്ലെങ്കിൽ വടിക്കൽ, ത്വവാഫുൽ ഇഫാദയും ഹജ്ജിന്റെ സഅ്യും)ഈ നാല് കർമ്മങ്ങളും ചെയ്യുന്നതിലൂടെയാണ് പൂർണ്ണ വിരാമം ആവുന്നത്. ഭാര്യാസംസർഗമടക്കം ഇഹ്റാമിൽ നിഷിദ്ധമായിരുന്ന എല്ലാം ഇതൊടെ അനുവദനീയമാവുന്നു.

## തഹല്ലുലിൽ സംഭവിക്കുന്ന അബദ്ധങ്ങൾ

ചില ഹാജിമാർക്ക് തഹല്ലുലിൽ അബദ്ധങ്ങൾ സംഭവിക്കുന്നു. കർമ്മങ്ങൾ പൂർണ്ണമായി ചെയ്യുന്നതിന് മുമ്പ് അവർ പൂർണ്ണവിരാമം ആയി കണക്കാക്കുകയും, അങ്ങനെ ഭീമമായ അബദ്ധങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ചിലർ ഒന്നാം തഹല്ലുലിന് ആവശ്യമായ കർമ്മങ്ങൾ ചെയ്യാതെ തന്നെ അപ്രകാരം കണക്കാക്കുന്നു. അങ്ങനെ അവരും നിഷിദ്ധങ്ങൾ ചെയ്യുന്നു. അറിയാത്തത് അന്വേഷിച്ചറിയുകയും, പ്രവർത്തിക്കുന്നതിന് മുമ്പ് ഉറപ്പുവരുത്തുകയുമായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്.

### ഞാൻ മിനായിൽ രാപ്പാർക്കേണ്ടതെങ്ങനെ?

ദുൽഹജ്ജ് പത്തിന്റെ കർമ്മങ്ങളിൽ നിന്നും താങ്കൾ വിരമിച്ചാൽ രാപ്പാർക്കുവാൻ വേണ്ടി വീണ്ടും മിനായിലേക്ക് തിരിക്കണം. ദുൽഹജ്ജ് 11, 12, 13 എന്നീ ദിവസങ്ങൾ (തശ്രീഖ് ദിനങ്ങൾ)അവിടെ രാത്രി കഴിച്ചു കൂട്ടണം.ശേഷം വിവരിക്കപ്പെടുന്നതുപോലെ രണ്ട് ദിവസങ്ങൾ കഴിഞ്ഞ് പോവണമെങ്കിൽ താങ്കൾക്ക് അപ്രകാരം ചെയ്യാവുന്നതാണ്. തസ്ബീഹ്, തഹ്മീദ്, തഹ്ലീൽ എന്നിവ കൊണ്ടെല്ലാം അല്ലാഹുവിനെ ധാരാളമായി താങ്കൾ സ്മരിക്കണം. രാത്രിയുടെ അധിക സമയവും മിനായിൽ കഴിച്ചുകൂട്ടണം. അത് ആദ്യ ഭാഗമാണെങ്കിലും അവസാന ഭാഗമാണെങ്കിലും ശരി. ചെറിയ ജംറ, മധ്യമ ജംറ, വലിയ ജംറ എന്നിങ്ങനെ മൂന്ന് ജംറകളും ഈ ദിവസങ്ങളിൽ താങ്കൾ എറിയേണ്ടതുണ്ട്.

## തശ്രീഖ് ദിവസങ്ങളിൽ ഹാജി ചെയ്യുന്ന അബദ്ധങ്ങൾ

തസ്ബീഹ്, തഹ്മീദ്, തഹ്ലീൽ എന്നിവ കൊണ്ടെല്ലാം അല്ലാഹുവിനെ ധാരാളമായി താങ്കൾ സ്മരിക്കുകയെന്നതാണ് ഈ ദിവസങ്ങളിൽ ഹാജിക്ക് ചെയ്യാനുള്ളത്. ഈ ദിവസങ്ങളിലെ



വിലപ്പെട്ട സമയത്തിൽ അലംഭാവം കാണിക്കുകയും വിനോദങ്ങളിലും പർച്ചീസിങ്ങിലും മറ്റും മുഴുകി ചില ഹാജിമാർ അത് നഷ്ടപ്പെടുത്തുന്നതും കാണാം.

### തശ്രീഖ് ദിനങ്ങളിൽ ഞാൻ ജംറകളിൽ എറിയേണ്ടതെങ്ങനെ?

തശ്രീഖ് ദിനങ്ങളിൽ (ദുൽഹജ്ജ് 11, 12, 13) വീണ്ടും താങ്കൾ ജംറകളെ എറിയേണ്ടതുണ്ട്. ആദ്യം ചെറുത്, പിന്നെ മധ്യമം, പിന്നെ വലുത് എന്നിങ്ങനെയാണ് അതിന്റെ ക്രമം. ഓരോന്നിലും ഏഴ് കല്ലുകൾ വീതം എറിയണം.

സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റിയ ശേഷമാണ് എറിയാനുള്ള സമയം ആരംഭിക്കുന്നത്. രാത്രിയിലും എറിയുന്നതിന് വിരോധമില്ല. എന്നാൽ രണ്ട് ദിവസങ്ങൾക്ക് ശേഷം പുറപ്പെടാൻ ഉദ്ദേശിക്കുന്നവർ രണ്ടാം ദിവസം സൂര്യാസ്തമയത്തിന് മുമ്പ് തന്നെ എറിഞ്ഞിരിക്കണം.

ചെറിയ ജംറയിലും മധ്യമ ജംറയിലും എറിഞ്ഞ ശേഷം ദീർഘമായി നിന്ന് പ്രാർത്ഥിക്കുന്നത് പ്രവാചകൻ(ﷺ)യുടെ ചര്യയിൽ പെട്ടതാണ്. വലിയ ജംറയിൽ എറിഞ്ഞു കഴിഞ്ഞാൽ പ്രാർത്ഥിക്കാൻ നിൽക്കാതെ പോവുകയും ചെയ്യും.

### ഞാൻ ധൃതിയാക്കേണ്ടതെങ്ങനെ?

ദുൽഹജ്ജ് 11, 12 എന്നീ ദിവസങ്ങളിൽ മിനായിൽ രാപ്പാർക്കൽ ഹാജിക്ക് നിർബന്ധമാണ്. എന്നാൽ അയാൾക്ക് ധൃതിപ്പെട്ട് പോവൽ അനുവദനീയമാണ്. പന്ത്രണ്ടിന് സൂര്യാസ്തമയത്തിന് മുമ്പ് അത്തരക്കാർ മിനായിൽ നിന്ന് യാത്ര തിരിക്കുകയും ശേഷം ത്വവാഫുൽ വിദാഅ് നിർവഹിക്കുകയും വേണം. അതോടെ അയാളുടെ ഹജ്ജ് അവസാനിച്ചു. ഖുർആൻ പറയുന്നു:

( وَاذْكُرُواْ اللّهَ فِي أَيَّامٍ مَّعْدُودَاتٍ فَمَن تَعَجَّلَ فِي يَوْمَيْنِ فَلاَ إِثْمَ عَلَيْهِ وَمَن تَأَخَّرَ فَلا إِثْمَ عَلَيْهِ لِمَنِ اتَّقَى وَاتَّقُواْ اللّهَ وَاعْلَمُوا أَنَّكُمْ إِلَيْهِ تُحْشَرُونَ ) ( البقرة : 203)

'എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുക. (അവയിൽ) രണ്ട് ദിവസം കൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്ന പക്ഷം അവന് കുറ്റമില്ല. (ഒരു ദിവസം കൂടി താമസിച്ച് പോരുന്നവന്നും കുറ്റമില്ല. സൂക്ഷ്മത പാലിക്കുന്നവന്ന് (അതാണ് ഉത്തമം). നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവങ്കലേക്ക് ഒരുമിച്ച് കൂട്ടപ്പെടുമെന്ന് മനസ്സിലാക്കുകയും ചെയ്യുക' (ബഖറ: 203)

************

## ഹജ്ജിൽ നിന്നും ഞാൻ വിരമിക്കേണ്ടതെങ്ങനെ

നാം നേരത്തെ സൂചിപ്പിച്ച മുഴുവൻ കർമ്മങ്ങളിൽ നിന്നും താങ്കൾ വിരമിച്ചു കഴിഞ്ഞാൽ പിന്നീട് താങ്കൾ മസ്ജിദുൽ ഹറാമിലേക്ക് പോയി ത്വവാഫുൽ വിദാഅ് നിർവ്വഹിക്കുക,ശേഷം മക്ക വിടുകയും ചെയ്യുക.ഇപ്രകാരം താങ്കൾ ഹജ്ജ് കർമ്മം പൂർത്തിയാക്കിക്കഴിഞ്ഞു. താങ്കൾ അല്ലാഹുവെ സ്തുതിക്കുക, താങ്കളുടെ ഹജ്ജ് പുണ്യകരവും സ്വീകാര്യവുമാവട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

### ത്വവാഫുൽ വിദാഇലെ അബദ്ധങ്ങൾ

പെരുന്നാൾ ദിവസം ജംറകളിൽ എറിയുന്നതിന് മുമ്പ് കഅ്ബയിൽ ചെന്ന് ത്വവാഫുൽ വിദാഅ് നിർവ്വഹിച്ച് മിനായിലേക്ക് തിരിക്കുന്നു.തുടർന്ന് ജംറകളെ എറിഞ്ഞ് നേരെ നാട്ടിലേക്ക് തിരിക്കുന്നു.ഇതും അനനുവദനീയവും അബദ്ധവുമാണ്. കാരണം ഹാജിയുടെ അവസാന ബാധ്യത അല്ലാഹുവിന്റെ ഭവനത്തോടായിരിക്കണമെന്ന പ്രവാചകാധ്യാപനത്തിന് വിരുദ്ധമത്രെ ഇത്തരം ചെയ്തികൾ. വിദാഇന്റെ ത്വവാഫിനു ശേഷം എറിയുന്നവൻ അവസാന കരാർ നിർവ്വഹിക്കുന്നത് ജംറകളോടാണല്ലോ.ഹജ്ജ് അനുഷ്ഠാനങ്ങളെല്ലാം പൂർത്തിയായതിന് ശേഷമാണ് പ്രവാചകൻ(ﷺ) ത്വവാഫുൽ വിദാഅ് നിർവ്വഹിച്ചത്. നബി(ﷺ) പറയുകയും ചെയ്തു 'നിങ്ങൾ എന്നിൽ നിന്നും ഹജ്ജിന്റെ കർമ്മങ്ങൾ സ്വീകരിക്കുക'.

### ഹജ്ജിൽ വ്യാപകമായ ചില അബദ്ധങ്ങൾ

ഹാജി സഹോദരാ, ഹജ്ജിൽ വ്യാപകമായി കാണപ്പെടുന്ന ചില അബദ്ധങ്ങളെ ഇവിടെ സൂചിപ്പിക്കുകയാണ്. താങ്കളിൽ അത് സംഭവിക്കാതിരിക്കാൻ ജാഗരൂകനാവുക.

1- ഉദ്ദേശ്യ ശുദ്ധിയും ഇഖ്‌ലാസ്വും ഇല്ലാതിരിക്കൽ.
2- ഹജ്ജിന് ഹലാലായതല്ലാത്ത ധനം ചിലവഴിക്കൽ.
3- ആവശ്യമായ ചിലവുകൾക്കുള്ള പണം കരുതാതിരിക്കൽ.
4- നല്ല കൂട്ടുകാരെ കണ്ടെത്താൻ ശ്രമിക്കാതിരിക്കൽ.
5- ഇഹ്റാം ചെയ്യാതെ മീഖാത് വിട്ടു കടക്കൽ
6- ഇഹ്റാമിന്റെ വസ്ത്രം മാറുന്നത് പുണ്യമാണെന്ന വിശ്വാസം.
7- തൽബിയത്തിന് ശേഷം തീരെ സംസാരിക്കാതിരിക്കൽ.
8- തൽബിയത്തിന്റെ അർത്ഥത്തെക്കുറിച്ച് ഉറ്റാലോചിക്കാതിരിക്കൽ.
9- ഹറമിൽ പ്രവേശിക്കുന്നതിന് പ്രത്യേകമായ വസ്ത്രം വേണമെന്ന വിശ്വാസം.

### ത്വവാഫിലെ അബദ്ധങ്ങൾ

1- ത്വവാഫിന്റെ തുടക്കത്തിൽ നിയ്യത്ത് ഉച്ചരിക്കൽ.

2- ഹജറുൽ അസ്‌വദിന്റെ അടുക്കൽ ആംഗ്യം കാണിക്കാനായി ദീർഘ സമയം നിൽക്കൽ.

3- ഹിജ്റിനുള്ളിലൂടെ ത്വവാഫ് ചെയ്യൽ

4- ഇടത്തെ കൈ കൊണ്ട് സ്പർശിക്കലും ആംഗ്യം കാണിക്കലും.

5- ത്വവാഫിനിടയിൽ ദിക്ർ ദുആകൾ കൊണ്ട് ശബ്ദമുയർത്തൽ.

6- ഇബ്റാഹീം മഖാമിനെ സ്പർശിക്കലും ചുംബിക്കലും.

7- ഇബ്റാഹീം മഖാമിന്റെ തൊട്ടുപിന്നിൽ നിന്ന് നമസ്കരിക്കണമെന്ന നിർബന്ധം.

************

## സഅ്‌യിലെ അബദ്ധങ്ങൾ

1 – إن الصفا والمرة من شعائر الله എന്നത് ഓരോ പ്രദക്ഷിണത്തിലും ഓതൽ.

2- ഓരോ നടത്തത്തിനും പ്രത്യേകം ദുആ ചൊല്ലൽ.

3- പോവുന്നതും വരുന്നതും കൂടിയാണ് ഒരു പ്രദക്ഷിണം എന്ന വിശ്വാസം.

### മുടി മുറിക്കൽ, വടിക്കലിലെ അബദ്ധങ്ങൾ

1- തലയുടെ ചില ഭാഗം മുടി എടുക്കുകയും ചില ഭാഗങ്ങൾ ഒഴിവാക്കുകയും ചെയ്യൽ.

2- മുടി എടുക്കുന്നതിന് മുമ്പ് തഹല്ലുലാവുകയും ശേഷം തന്റെ താമസ സ്ഥലത്ത് വെച്ച് മുടി എടുക്കുകയും ചെയ്യുക.

3- തഹല്ലുലാവാൻ വേണ്ടി മുടി മുറിക്കുമ്പോൾ ചില സ്ത്രീകൾ തങ്ങളുടെ മുടി പുരുഷൻമാരുടെ മുമ്പിൽ വെളിവാക്കൽ.



### മിനായിൽ സംഭവിക്കുന്ന അബദ്ധങ്ങൾ

1- മിനായിൽ വെച്ച് നമസ്കാരം പൂർത്തിയാക്കി നമസ്കരിക്കൽ.

2- തശ്‌രീഖ് നാളുകളിൽ മിനായിൽ രാപ്പാർക്കാതിരിക്കൽ.

- മിനായിൽ താമസ സൗകര്യം സജ്ജമാക്കാതിരിക്കൽ.

3- റോഡുകളിലും പാലങ്ങൾക്ക് താഴെയും രാപ്പാർക്കൽ.

### അറഫയിലെ അബദ്ധങ്ങൾ

1- അറഫയിലെ പ്രാർത്ഥനാവേളയിൽ ഖിബ്‌ലക്ക് അഭിമുഖമാവാതിരിക്കൽ.

2- മലക്ക് പുണ്യത്വം നൽകൽ, അതിന്റെ അടുത്ത് തന്നെ നിൽക്കണമെന്ന വിശ്വാസം.

3- അറഫയിൽ പ്രാർത്ഥനയിൽ വ്യാപൃതമാവാതിരിക്കൽ, സമയം വെറുതെ പാഴാക്കൽ.

4- അസ്തമയത്തിന് മുമ്പ് അറഫയിൽ നിന്ന് പുറപ്പെടൽ.

### മുസ്ദലിഫയിലെ അബദ്ധങ്ങൾ

1- മുസ്ദലിഫയുടെ അതിർത്തിക്കുള്ളിൽ താമസിക്കാതിരിക്കൽ.

2- സുന്നത്തിന് വിപരീതമായി മുസ്ദലിഫയിൽ ആരാധനയിൽ മുഴുകി രാത്രി കഴിച്ചുകൂട്ടൽ.

### ജംറകളിലെ ഏറിൽ സംഭവിക്കുന്ന അബദ്ധങ്ങൾ

1- ഏറിനു മുമ്പ് കല്ലുകൾ കഴുകൽ.

2- പിശാചിനെ എറിയുകയാണെന്ന വിശ്വാസത്തോടെ രോഷത്തോടെ എറിയൽ.

3- കല്ലുകൾ തളത്തിനകത്തു വീണുവെന്ന് ഉറപ്പുവരുത്താതിരിക്കൽ.

4- വലിയ കല്ലുകൾ കൊണ്ടും ചെരിപ്പ് കൊണ്ടും മറ്റും ചീത്ത വിളിച്ചു കൊണ്ടും ശപിച്ചുകൊണ്ടും എറിയൽ.

5- അലസത കാരണം എറിയാൻ മറ്റുള്ളവരെ ഏൽപ്പിക്കൽ.

6- എറിയുന്നതിൽ ജംറകളുടെ ക്രമം പാലിക്കാതിരിക്കൽ.

7- ചെറിയ, മധ്യമ ജംറകളിലെ ഏറിന് ശേഷം പ്രാർത്ഥിക്കുന്നതിൽ അലസത കാണിക്കൽ.

8- വലിയ ജംറയെ എറിഞ്ഞ ശേഷവും പ്രാർത്ഥിക്കാൻ നിൽക്കൽ.

## ബലിയറുക്കലിലെ അബദ്ധങ്ങൾ

1- അറുക്കാൻ നിശ്ചയിക്കപ്പെട്ട പ്രായത്തിലും കുറഞ്ഞ പ്രായമുള്ളതിനെ, അല്ലെങ്കിൽ ന്യൂനതകളുള്ളതിനെ അറുക്കൽ.

2- പെരുന്നാൾ ദിവസം സമയമാവുന്നതിന് മുമ്പ് അറുക്കൽ.

3- അറുത്ത ബലിമൃഗത്തെ ഉപേക്ഷിച്ചു കളയൽ.

************

## ത്വവാഫുൽ വിദാഇലെ അബദ്ധങ്ങൾ

1- ത്വവാഫുൽ വിദാഅ് കഴിഞ്ഞ ശേഷവും മക്കയിൽ ദീർഘ സമയം താമസിക്കൽ.

## മസ്ജിദുന്നബവി സന്ദർശനത്തിലെ അബദ്ധങ്ങൾ

1- നബി(ﷺ)യുടെ ഖബ്റിനെ തടവലും ചുംബിക്കലും.

2- നബി(ﷺ)യോട് പ്രാർത്ഥിക്കലും ആവശ്യപ്പെടലും.

3- പ്രാർത്ഥനാ വേളയിൽ ഖബ്റിനെ അഭിമുഖീകരിക്കൽ.

4- നബി(ﷺ)യുടെയും രണ്ട് അനുചരന്മാരുടെയും മേൽ സലാം പറയാതിരിക്കൽ.

അവസാനമായി.. ഹജ്ജിന് കഴിഞ്ഞ് തിരിച്ചു വന്ന ശേഷം മുമ്പുണ്ടായിരുന്ന വീഴ്ചകളിലേക്കും കുറവുകളിലേക്കും നിർ



ബന്ധങ്ങൾ വെടിയുന്നതിലേക്കും അതിൽ അലസത കാണിക്കുന്നതിലേക്കും, അപ്രകാരം തന്നെ അവൻ ഹജ്ജിന് പോയിട്ടില്ലാത്തതുപോലെ കുറ്റകൃത്യങ്ങളിൽ പതിക്കുന്നതിലേക്കും മടങ്ങി ചെല്ലുക എന്നത് ഭീമമായ അബദ്ധങ്ങളിൽ പെട്ടത് തന്നെയാണ്. പുണ്യകരമല്ലാത്ത ഹജ്ജിന്റെ അടയാളങ്ങളിൽ പെട്ടതാണ് ഇത്. ഹാജി സഹോദരാ.. അല്ലാഹുവോടൊപ്പം ഒരു പുതിയ അദ്ധ്യായം തുടങ്ങാനും, ഒരു പുതിയ ജീവിതം ആരംഭിക്കുവാനുമാകട്ടെ താങ്കളുടെ പ്രയാണം. എങ്കിൽ അത് താങ്കളുടെ ഹജ്ജ് സ്വീകരിക്കപ്പെട്ടുവെന്നതിനും മബ്റൂറാണെന്നതിനുമുള്ള അടയാളമാണ്.

************

| ഹാജിയുടെ ദിന കർമ്മ രേഖ | | | | | | |
|---|---|---|---|---|---|---|
| എത്തുമ്പോൾ ചെയ്യേണ്ടത് | | മീഖാത് | ഹറം | ഘലറം | | |
| | മുതമത്തിഅ് | ലബ്ബൈകല്ലാഹുമ്മ ഉംറ | ഉംറയുടെ ത്വവാഫ് | ഉംറയുടെ സഅ്യ് | മുടി മുറിക്കൽ | തഹല്ലുൽ ആവൽ |
| | മുഫ്രിദ് | ലബ്ബൈകല്ലാഹുമ്മ ഹജ്ജൻ | ത്വവാഫുൽ ഖുദൂം (സുന്നത്ത്) | ഹജ്ജിന്റെ സഅ്യ് ചെയ്യാം | | |
| | ഖാരിൻ | ലബ്ബൈകല്ലാഹുമ്മ ഹജ്ജൻ വ ഉംറ | ഉംറയു ടെ ത്വ വാഫ് | ഉംറയുടെ സഅ്യ് | | |

| | | | |
|---|---|---|---|
| ദുൽ ഹജ്ജ് എട്ട് (തർവിയ ദിനം) | | | മിനാ |
| | മുതമത്തിഅ് | ഹജ്ജിന് ഇഹ്റാം ചെയ്യൽ, മിനയിലേക്ക് പുറപ്പെടൽ (സുന്നത്ത്) | ജംഇല്ലാതെ ഖസ്റാക്കി നമസ്കരിക്കൽ |
| | മുഫ്രിദ് | മിനയിലേക്ക് പുറപ്പെടൽ (സുന്നത്ത്) | ജംഇല്ലാതെ ഖസ്റാക്കി നമസ്കരിക്കൽ |
| | ഖാരിൻ | മിനയിലേക്ക് പുറപ്പെടൽ (സുന്നത്ത്) | ജംഇല്ലാതെ ഖസ്റാക്കി നമസ്കരിക്കൽ |
| ദുൽ ഹജ്ജ് ഒമ്പത് അറഫാ ദിനം | | അറഫ | മുസ്ദലിഫ |
| | മുതമത്തിഅ് | ദുഹ്റും അസ്റും ഖസ്റും ജംഉതഖ്ദീമും ആയി നമസ്കരിക്കുക, അസ്തമയം വരെ പ്രാർത്ഥനയിൽ മുഴുകുക | മഗ്രിബ് മൂന്നും ഇശാഅ് രണ്ടും റക്അത്തുകൾ ജംആയി നമസ്കരിക്കുക, അവിടെ രാപ്പാർക്കുക, ഫജ്ർ നമസ്കരിക്കുക |
| | മുഫ്രിദ് | ദുഹ്റും അസ്റും ഖസ്റും ജംഉ തഖ്ദീമും ആയി നമസ്കരിക്കുക, അസ്തമയം വരെ പ്രാർത്ഥനയിൽ മുഴുകുക | മഗ്രിബ് മൂന്നും ഇശാഅ് രണ്ടും റക്അത്തുകൾ ജംആയി നമസ്കരിക്കുക, അവിടെ രാപ്പാർക്കുക, ഫജ്ർ നമസ്കരിക്കുക |
| | ഖാരിൻ | ദുഹ്റും അസ്റും ഖസ്റും ജംഉ തഖ്ദീമും ആയി നമസ്കരിക്കുക, അസ്തമയം വരെ പ്രാർത്ഥനയിൽ മുഴുകുക | മഗ്രിബ് മൂന്നും ഇശാഅ് രണ്ടും റക്അത്തുകൾ ജംആയി നമസ്കരിക്കുക, അവിടെ രാപ്പാർക്കുക, ഫജ്ർ നമസ്കരിക്കുക |



| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ദുൽ ഹജ്ജ് പത്ത് ബലി ദിനം | | മിന | മിന | മിന | | ഹറം | ഹറം | | |
| | മുതമത്തിഅ് | അഖബാ ജംറയെ എറിയൽ | ബലിയറുക്കൽ | മുടി വടിക്കൽ/ മുറിക്കൽ | ആദ്യ തഹല്ലുൽ | ത്വവാഫുൽ ഇഫാദ | ഹജ്ജിന്റെ സഅ്യ് | രണ്ടാം തഹല്ലുൽ | രാപ്പാർക്കൽ |
| | മുഫ്രിദ് | അഖബാ ജംറയെ എറിയൽ | ബലി നിർബന്ധമില്ല | മുടി വടിക്കൽ/ മുറിക്കൽ | ആദ്യ തഹല്ലുൽ | ത്വവാഫുൽ ഇഫാദ | സഅ്യ് ചെയ്യൽ | രണ്ടാം തഹല്ലുൽ | രാപ്പാർക്കൽ |
| ദുൽ ഹജ്ജ് പത്ത് ബലി ദിനം | മിന | മിന | മിന | | ഹറം | ഹറം | | | മിന |
| | ഖാരിൻ | അഖബാ ജംറയെ എറിയൽ | ബലിയറുക്കൽ | മുടി വടിക്കൽ/ മുറിക്കൽ | ആദ്യ തഹല്ലുൽ | ത്വവാഫുൽ ഇഫാദ | ഹജ്ജിന്റെ സഅ്യ് | രണ്ടാം തഹല്ലുൽ | രാപ്പാർക്കൽ |
| ദുൽ ഹജ്ജ് പതിനൊന്ന് (തശ്രീഖ് ദിനങ്ങൾ) | | മിന | | | | മിന | | | |
| | മുതമത്തിഅ് | മധ്യാഹ്ന ശേഷം മൂന്ന് ജംറകളിലും എറിയൽ | | | | രാപ്പാർക്കൽ | | | |
| | മുഫ്രിദ് | മധ്യാഹ്ന ശേഷം മൂന്ന് ജംറകളിലും എറിയൽ | | | | രാപ്പാർക്കൽ | | | |
| | ഖാരിൻ | മധ്യാഹ്ന ശേഷം മൂന്ന് ജംറകളിലും എറിയൽ | | | | രാപ്പാർക്കൽ | | | |
| ദുൽ ഹജ്ജ് പന്ത്ര | മുതമത്തിഅ് | വൈകി പോകുന്നവൻ | | | | ധൃതിയിൽ പോകുന്നവൻ | | | |
| | | മിന | | മിന | | മിന | | മിന | |
| | | ജംറകളെ എറിയൽ | | രാപ്പാർക്കൽ | | ജംറകളെ എറിയൽ | | അസ്തമയത്തിനു മുമ്പ് മിന വിടൽ | |

| | | | | | |
|---|---|---|---|---|---|
| ണ്ട് (തശ്രീഖ് രണ്ടാം നാൾ) | മുഫ്രിദ് | ജംറകളെ എറിയൽ | രാപ്പാർക്കൽ | ജംറകളെ എറിയൽ | അസ്തമയത്തിനു മുമ്പ് മിന വിടൽ |
| | ഖാരിൻ | ജംറകളെ എറിയൽ | രാപ്പാർക്കൽ | ജംറകളെ എറിയൽ | അസ്തമയത്തിനു മുമ്പ് മിന വിടൽ |
| ദുൽ ഹജ്ജ് പതി മൂന്ന്. (തശ്രീഖ് മൂന്നാം നാൾ) | | വൈകി പോകുന്നവൻ | | ധൃതിയിൽ പോകുന്നവൻ | |
| | | മിന | | ഹറം | |
| | മുതമത്തിഅ് | മധ്യാഹ്ന ശേഷം മൂന്ന് ജംറകളിലും എറിയൽ | | മക്കയിൽ നിന്ന് പുറപ്പെടാൻ ഉദ്ദേശിക്കുമ്പോൾ ത്വവാഫുൽ വിദാഅ് ചെയ്യുക. ഇതോടെ ഹജ്ജിന്റെ കർമ്മങ്ങൾ പൂർണ്ണമായി. | |
| | മുഫ്രിദ് | മധ്യാഹ്ന ശേഷം മൂന്ന് ജംറകളിലും എറിയൽ | | | |
| | ഖാരിൻ | മധ്യാഹ്ന ശേഷം മൂന്ന് ജംറകളിലും എറിയൽ | | | |
| പതിമൂന്നിന് ശേഷം | വൈകി പോകുന്നവൻ | | | | |
| | ഘറം | | | | |
| | മക്കയിൽ നിന്ന് പുറപ്പെടാൻ ഉദ്ദേശിക്കുമ്പോൾ ത്വവാഫുൽ വിദാഅ് ചെയ്യുക. ഇതോടെ ഹജ്ജിന്റെ കർമ്മങ്ങൾ പൂർണ്ണമായി. | | | | |

## ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും ചില പ്രാർത്ഥനകൾ

പ്രാർത്ഥനയുടെ മര്യാദകളും ഉത്തരം ചെയ്യപ്പെടാനുള്ള നിമിത്തങ്ങളും

1- സാധ്യമായെങ്കിൽ പ്രാർത്ഥിക്കുന്നതിന് മുമ്പ് വുദു ചെയ്യുക.

2- ഖിബ്ലയെ അഭിമുഖീകരിക്കുക.

3- കൈകൾ ഉയർത്തുക.

4- ഉറച്ച മനസ്സോടെ പ്രാർത്ഥിക്കുക, ഉത്തരം ലഭിക്കുമെന്ന് ഉറച്ച് വിശ്വസിക്കുക.

5- ആവർത്തിച്ചാവശ്യപ്പെട്ട് പ്രാർത്ഥിക്കുക, ഉത്തരം ലഭിക്കാൻ അക്ഷമ കാണിക്കാതിരിക്കുക.



6- മനസ്സാന്നിദ്ധ്യത്തോടെ പ്രാർത്ഥിക്കുക.

7- പാപങ്ങൾ ഏറ്റു സമ്മതിക്കുക, പാപ മോചനം തേടുക, അനുഗ്രഹങ്ങളെ അംഗീകരിക്കുക, അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക.

8- വിനയം, ഭക്തി, പ്രതീക്ഷ, ഭയം.

9- സൽക്കർമ്മങ്ങളെ അധികരിപ്പിക്കുക, കാരണം പ്രാർത്ഥനക്ക് ഉത്തരം ചെയ്യപ്പെടാനുള്ള കാരണങ്ങളിൽ മഹത്തരമാണത്.

10- പശ്ചാത്താപത്തോടെ അതിക്രമിച്ചെടുത്ത അവകാശങ്ങൾ തിരിച്ചേൽപ്പിക്കുക.

11- മൂന്ന് പ്രാവശ്യം ആവർത്തിച്ച് പ്രാർത്ഥിക്കുക.

12- മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ തനിക്ക് വേണ്ടിയും പ്രാർത്ഥിക്കുക.

13- അല്ലാഹുവിന്റെ ഉത്തമ നാമങ്ങൾ കൊണ്ടും ഉന്നത വിശേഷണങ്ങൾ കൊണ്ടും, അല്ലെങ്കിൽ തനിക്ക് വേണ്ടി ചെയ്ത ഏതെങ്കിലും പുണ്യകർമ്മവും മുൻനിർത്തിക്കൊണ്ട് പ്രാർത്ഥിക്കുക.

14- വിശ്വാസികളായ തന്റെ സഹോദരന്മാർക്ക് വേണ്ടിയും പ്രാർത്ഥിക്കുക. തന്റെ മാതാപിതാക്കളെയും സച്ചരിതരായ പണ്ഡിതന്മാരെയും അതിൽ പ്രത്യേകം പരിഗണിക്കുക. മുസ്ലിം സമുദായത്തിന്റെ നേതാക്കൾ,ഭരണാധികാരികൾ പോലെയുള്ളവരുടെ നന്മക്ക് വേണ്ടിയും ബലഹീനരും അക്രമിക്കപ്പെടുന്നവരുമായ മുസ്ലിംകൾക്ക് വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുക.

15- പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന പ്രത്യേക സ്ഥലങ്ങൾ തെരഞ്ഞെടുക്കുക.

16- സ്വഫാ മർവ, അറഫാ ദിവസം, ചെറിയ-മധ്യമ ജംറകളെ എറിഞ്ഞ ശേഷം.

17- അപ്രകാരം തന്നെ ഉത്തരം ചെയ്യപ്പെടുന്ന സമയങ്ങളെ പ്രത്യേകം പരിഗണിക്കുക. സാഹചര്യങ്ങളെയും അവസ്ഥകളെ

യും ഉത്തരം ലഭിക്കുന്ന സ്ഥലങ്ങളെയും ഉപയോഗപ്പെടുത്താൻ പ്രത്യേകം താൽപ്പര്യമെടുക്കുക.

************

## ഖുർആനിൽ നിന്നും എടുക്കപ്പെട്ട പ്രാർത്ഥനകൾ

**സൂറത്തുൽ ബഖറയിൽ നിന്ന്**

( رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيعُ الْعَلِيمُ )

'ഞങ്ങളുടെ നാഥാ ഞങ്ങളിൽ നിന്നും നീ സ്വീകരിക്കേണമേ.. തീർച്ചയായും നീ കേൾക്കുന്നവനും അറിയുന്നവനും തന്നെയാണ്'

( رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ )

'അല്ലാഹുവേ ഇഹത്തിൽ നീ ഞങ്ങൾക്ക് നന്മ പ്രദാനം ചെയ്യേണമേ, പരത്തിലും നീ ഞങ്ങൾക്ക് നന്മ പ്രദാനം ചെയ്യേണമേ, നരക ശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാത്ത് രക്ഷിക്കേണമേ'

( رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا وَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ )

'ഞങ്ങളുടെ രക്ഷിതാവേ നീ ഞങ്ങളുടെ മേൽ ക്ഷമ ചൊരിഞ്ഞ് തരേണമേ.. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ച് നിറുത്തുകയും അവിശ്വാസികളായ സമൂഹത്തിനെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ'

( رَبَّنَا لاَ تُؤَاخِذْنَا إِن نَّسِينَا أَوْ أَخْطَأْنَا رَبَّنَا وَلاَ تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِن قَبْلِنَا رَبَّنَا وَلاَ تُحَمِّلْنَا مَا لاَ طَاقَةَ لَنَا بِهِ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنتَ مَوْلاَنَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ )



'ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നു പോകുകയോ ഞങ്ങൾക്ക് തെറ്റു പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതുപോലെയുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പ് നൽകുകയും, ഞങ്ങളോട് നീ പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യ നിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ'.

**സൂറത്തു ആലു ഇംറാനിൽ നിന്ന്**

(رَبَّنَا لاَ تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً إِنَّكَ أَنتَ الْوَهَّابُ )

(അവർ പ്രാർത്ഥിക്കും:) 'ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെററിക്കരുതേ. നിൻെറ അടുക്കൽ നിന്നുളള കാരുണ്യം ഞങ്ങൾക്ക് പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു'.

**സൂറത്തുൽ അഅ്റാഫിൽ നിന്ന്**

( رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ )

'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തു തരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പററിയവരുടെ കൂട്ടത്തിലായിരിക്കും'.

**സൂറത്തു ഇബ്റാഹീമിൽ നിന്ന്**

( رَبِّ اجْعَلْنِي مُقِيمَ الصَّلاَةِ وَمِن ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَاء ، رَبَّنَا اغْفِرْ لِي وَلِوَالِدَيَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ الْحِسَابُ )

‘എൻെറ രക്ഷിതാവേ, എന്നെ നീ നമസ്ക്കാരം മുറപ്രകാരം നിർവ്വഹിക്കുന്നവനാക്കേണമേ. എൻെറ സന്തതികളിൽപെട്ടവരേയും(അപ്രകാരം ആക്കേണമേ.)ഞങ്ങളുടെ രക്ഷിതാവേ,എൻെറ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എൻെറ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തു തരേണമേ’.

**സൂറത്തു ഇസ്റാഇൽ നിന്ന്**

( رَّبِّ أَدْخِلْنِي مُدْخَلَ صِدْقٍ وَأَخْرِجْنِي مُخْرَجَ صِدْقٍ وَاجْعَل لِّي مِن لَّدُنكَ سُلْطَانًا نَّصِيرًا )

‘എൻെറ രക്ഷിതാവേ, സത്യത്തിൻെറ പ്രവേശനമാർഗ്ഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കുകയും,സത്യത്തൻെറ ബഹിർഗമന മാർഗ്ഗത്തിലൂടെ നീ എന്നെ പുറപ്പെടുവിക്കുകയും ചെയ്യേണമേ.നിൻെറ പക്കൽ നിന്ന് എനിക്ക് സഹായകമായ ഒരു ആധികാരിക ശക്തി നീ ഏർപ്പെടുത്തിത്തരികയും ചെയ്യേണമേ’

**സൂറത്തു ത്വാഹായിൽ നിന്ന്**

( رَبِّ اشْرَحْ لِي صَدْرِي ، وَيَسِّرْ لِي أَمْرِي ، وَاحْلُلْ عُقْدَةً مِّن لِّسَانِي ، يَفْقَهُوا قَوْلِي )

‘എൻെറ രക്ഷിതാവേ, നീ എനിക്ക് ഹൃദയ വിശാലത നൽകേണമേ.എനിക്ക് എൻെറ കാര്യം നീ എളുപ്പമാക്കിത്തരേണമേ. ജനങ്ങൾ എൻെറ സംസാരം മനസ്സിലാക്കേണ്ടതിനായി എൻെറ നാവിൽ നിന്ന് നീ കെട്ടഴിച്ചു തരേണമേ’

( رَّبِّ زِدْنِي عِلْمًا )

‘എന്റെ രക്ഷിതാവേ, എനിക്ക് നീ വിജ്ഞാനം വർദ്ധിപ്പിച്ച് തരേണമേ’..

**സൂറത്തുൽ അമ്പിയാഇൽ നിന്ന്**



( رَبِّ لَا تَذَرْنِي فَرْدًا وَأَنتَ خَيْرُ الْوَارِثِينَ )

‘എൻെറ രക്ഷിതാവേ, നീ എന്നെ ഏകനായി (പിൻതുടർച്ചക്കാരില്ലാതെ)വിടരുതേ. നീയാണല്ലോ അനന്തരാവകാശമെടുക്കുന്നവരിൽ ഏററവും ഉത്തമൻ’.

**സൂറത്തുൽ ഫുർഖാനിൽ നിന്ന്**

( رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا )

‘ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും, ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ’

**സൂറത്തുൽ അഹ്ഖാഫിൽ നിന്ന്**

( رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ وَأَصْلِحْ لِي فِي ذُرِّيَّتِي إِنِّي تُبْتُ إِلَيْكَ وَإِنِّي مِنَ الْمُسْلِمِينَ )

‘എന്റെ രക്ഷിതാവേ,എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കിത്തരുകയും ചെയ്യേണമേ.തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു’.

**സൂറത്തുൽ ഹശ്റിൽ നിന്ന്**

( رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِّلَّذِينَ آمَنُوا رَبَّنَا إِنَّكَ رَؤُوفٌ رَّحِيمٌ)

'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്കു മുമ്പു കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തു തരേണമേ.സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ എറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു'.

**സൂറത്തുൽ മുംതഹിനയിൽ നിന്ന്**

( رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ الْمَصِيرُ ، رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُوا وَاغْفِرْ لَنَا رَبَّنَا إِنَّكَ أَنتَ الْعَزِيزُ الْحَكِيمُ )

'ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിങ്കലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്ക് തന്നെയാണ് തിരിച്ചു വരവ്. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ സത്യനിഷേധികളുടെ പരീക്ഷണത്തിന് ഇരയാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കു നീ പൊറുത്തു തരികയും ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാപിയും യുക്തിമാനും'.

**സൂറത്തുൽ ഫലഖിൽ നിന്ന്**

( قُلْ أَعُوذُ بِرَبِّ الْفَلَقِ ، مِن شَرِّ مَا خَلَقَ ، وَمِن شَرِّ غَاسِقٍ إِذَا وَقَبَ ، وَمِن شَرِّ النَّفَّاثَاتِ فِي الْعُقَدِ ، وَمِن شَرِّ حَاسِدٍ إِذَا حَسَدَ )

'പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു.അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്നും. ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽ നിന്നും,കെട്ടുകളിൽ



ഊതുന്ന സ്ത്രീകളുടെ കെടുതിയിൽ നിന്നും, അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽ നിന്നും'.

**സൂറത്തുന്നാസിൽ നിന്ന്**

( قُلْ أَعُوذُ بِرَبِّ النَّاسِ ، مَلِكِ النَّاسِ ، إِلَهِ النَّاسِ ، مِن شَرِّ الْوَسْوَاسِ الْخَنَّاسِ ، الَّذِي يُوَسْوِسُ فِي صُدُورِ النَّاسِ ، مِنَ الْجِنَّةِ وَ النَّاسِ )

'പറയുക: മനുഷ്യരുടെ രക്ഷിതാവും, മനുഷ്യരുടെ രാജാവും, മനുഷ്യരുടെ ദൈവവുമായിട്ടുള്ളവനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തി പിന്മാറിക്കളയുന്ന, മനുഷ്യരിലും ജിന്നുകളിലും പെട്ട ദുർബോധകരെക്കൊണ്ടുള്ള കെടുതിയിൽ നിന്ന്.

***********

## സുന്നത്തിൽ നിന്നുള്ള പ്രാർത്ഥനകൾ

(اللَّهُمَّ إِنِّي أَسْأَلُكَ أَنِّي أَشْهَدُ أَنَّكَ أَنْتَ اللهُ لاَ إِلَهَ إِلاَّ أَنْتَ الأَحَدُ الصَّمَدُ الَّذِي لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ)

'അല്ലാഹുവേ നീയല്ലാതെ യാതൊരു ആരാധ്യനുമില്ലെന്നും, നീ ഏകനും സന്തതികൾക്ക് ജന്മം നൽകുകയോ ആരുടെയെങ്കിലും സന്തതിയായി പിറക്കുകയോ ചെയ്തിട്ടില്ലാത്തവനും, തനിക്ക് സമാനരായി മറ്റാരുമില്ലാത്തവനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുവെന്നതിന്റെ പേരിൽ ഞാൻ നിന്നോട് ചോദിക്കുന്നു'.

( اَللَّهُمَّ إِنِّيْ أَسْأَلُكَ بِأَنَّ لَكَ الْحَمْدَ ، لاَ إِلَهَ إِلاَّ أَنْتَ ، بَدِيْعُ السَّمَاوَاتِ وَالأَرْضِ ، يَا ذَا الْجَلاَلِ وَالإِكْرَامِ ، يَا حَيُّ يَا قَيُّوْمُ )

‘സർവ്വ സ്തുതിയും നിനക്കാണ്, നീയല്ലാതെ യാതൊരു ആരാധ്യനുമില്ല, ആകാശ ഭൂമികളെ മുൻ മാതൃകയില്ലാതെ സൃഷ്ടിച്ചവൻ, മഹത്വവും ഉദാരതയുമുടയവനേ, സജീവനും സർവ്വശക്തനുമായവനേ നിന്നോട് ഞാൻ ചോദിക്കുന്നു

( اَللّهُمَّ إِنِّيْ أَسْأَلُكَ يَا اَللهُ الْأَحَدُ الصَّمَدُ الَّذِيْ لَمْ يَلِدْ وَلَمْ يُوْلَدْ وَلَمْ يَكُـنْ لَهُ كُفُـوًا أَحَدٌ، أَنْ تَغْفِرَ لِيْ ذُنُوْبِيْ إِنَّكَ أَنْتَ الْغَفُوْرُ الرَّحِيْمُ )

‘അല്ലാഹുവേ നീയല്ലാതെ യാതൊരു ആരാധ്യനുമില്ലെന്നും, നീ ഏകനും സന്തതികൾക്ക് ജന്മം നൽകുകയോ ആരുടെയെങ്കിലും സന്തതിയായി പിറക്കുകയോ ചെയ്തിട്ടില്ലാത്തവനും, തനിക്ക് സമാനരായി മറ്റാരുമില്ലാത്തവനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുവെന്നതിന്റെ പേരിൽ ഞാൻ നിന്നോട് ചോദിക്കുന്നു. നീയെനിക്ക് പൊറുത്തു തരേണമേ.. നീ സകലം പൊറുക്കുന്നവനും കരുണാനിധിയുമാണ്.'

( اللَّهُمَّ آتِ نَفْسِي تَقْوَاهَا ، وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا ، أَنْتَ وَلِيُّهَا وَمَوْلَاهَا )

‘അല്ലാഹുവേ, എന്റെ മനസ്സിന് നീ ഭയഭക്തി പ്രദാനം ചെയ്യേണമേ! അതിനെ സംസ്കരിക്കേണമേ! അതിനെ സംസ്കരിക്കുന്നവരിൽ ഉത്തമനത്രെ നീ. അതിന്റെ രക്ഷാധികാരിയും യജമാനനും നീ തന്നെ’

( اللَّهُمَّ أَحْسِنْ عَاقِبَتَنَا فِي الْأُمُوْرِ كُلِّهَا وَأَجِرْنَا مِنْ خِزْيِ الدُّنْيَا وَعَذَابِ الآخِرَةِ )

‘അല്ലാഹുവേ എല്ലാ കാര്യങ്ങളിലും ഞങ്ങളുടെ പര്യവസാനം നീ നന്നാക്കിത്തരേണമേ. ഇഹത്തിലെ നിന്ദ്യതയിൽ നിന്നും പരലോക ശിക്ഷയിൽ നിന്നും നീ ഞങ്ങളെ രക്ഷിക്കേണമേ.

( اللَّهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي دِينِي وَدُنْيَايَ وَأَهْلِي وَمَالِي )



‘അല്ലാഹുവേ,നിന്റെ മാപ്പും, ധാർമ്മിക വും, ഭൗതികവും, കുടുംബ പരവും, സാമ്പത്തികവുമായ സൗഖ്യവും നിന്നോട് ഞാൻ യാചിക്കുന്നു’.

(اللَّهُمَّ أَعِنِّي عَلَى ذِكْرِكَ،وَشُكْرِكَ، وَحُسْنِ عِبَادَتِكَ )

‘അല്ലാഹുവേ, നിന്നെ സ്മരിക്കുവാനും നിനക്ക് നന്ദി കാണിക്കുവാനും നല്ല രൂപത്തിൽ നിനക്ക് ആരാധന നിർവ്വഹിക്കുവാനും നീ എന്നെ സഹായിക്കേണമേ’.

( اللَّهُمَّ أَسْأَلُكَ عِلْماً نَافِعاً، وَرِزْقاً وَاسِعًا، وَشِفَاءً مِنْ كُلِّ دَاءٍ )

‘അല്ലാഹുവേ, ഉപകാരപ്രദമായ വിജ്ഞാനവും വിശാലമായ ഭക്ഷണവും സർവ രോഗങ്ങളിൽ നിന്നുള്ള ശമനവും ഞാൻ നിന്നോട് ചോദിക്കുന്നു

( اللَّهُمَّ أَصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أَمْرِي ، وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي ، وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي ، وَاجْعَلْ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ ، وَاجْعَـلْ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ )

‘അല്ലാഹുവേ, എന്റെ രക്ഷാകവചമായ ദീനിനെ നീ നന്നാക്കിത്തരേണമേ! എന്റെ ഉപജീവനം നിലക്കൊള്ളുന്ന ദുനിയാവും നീ എനിക്ക് നന്നാക്കിത്തരേണമേ! എന്റെ മടക്കസ്ഥാനം നിലക്കൊള്ളുന്ന ആഖിറതും നീ എനിക്ക് നന്നാക്കിത്തരേണമേ! ജീവിതത്തെ എനിക്ക് ഗുണസമ്പൂർണമാക്കിത്തരേണമേ! മരണത്തെ എനിക്ക് എല്ലാ തിന്മകളിൽ നിന്നുമുള്ള ആശ്വാസവും ആക്കിത്തരേണമേ’.

( اللَّهُمَّ اجْعَلْ حُبَّكَ أَحَبَّ الأَشْيَاءِ إِلَيَّ، وَاجْعَلْ خَشْيَتَكَ أَخْوَفَ الأَشْيَاءِ عِنْـدِي، وَاقْطَعْ عَنِّي حَاجَاتِ الدُّنْيَا بِالشَّوْقِ إِلَى لِقَائِكَ ، وَإِذَا أَقْرَرْتَ أَعْيُنَ أَهْـلِ الدُّنْيَـا مِـنْ دُنْيَـاهُمْ فَأَقْرِرْ عَيْنِي مِنْ عِبَادَتِكَ )

‘അല്ലാഹുവേ, നിന്റെ പ്രിയത്തെ മറ്റെല്ലാറ്റിനെക്കാളും എനിക്ക് പ്രിയപ്പെട്ടതാക്കേണമേ. നിന്നോടുള്ള ഭയത്തെ മറ്റെല്ലാറ്റിനെക്കാളും എനിക്ക് ഭയമുള്ളതാക്കേണമേ.നിന്റെ തിരുനോട്ടത്തെ കൊതിച്ചു കൊണ്ട് ഐഹിക താൽപ്പര്യങ്ങളെയെല്ലാം എന്നിൽ നിന്നും മുറിച്ചു കളയേണമേ. ഐഹിക പ്രേമികളുടെ കണ്ണുകളെ അവരുടെ ഐഹികവിഭവങ്ങൾ നൽകി നീ കുളിർപ്പിക്കുമ്പോൾ നിനക്കുള്ള ആരാധനകൾ കൊണ്ട് എന്റെ കണ്ണുകളെ നീ കുളിർപ്പിക്കേണമേ’.

( اللَّهُمَّ اغْفِرْ لِي ذَنْبِي وَوَسِّعْ لِي فِي رِزْقِي وَبَارِكْ لِي فِيمَا رَزَقْتَنِي )

‘അല്ലാഹുവേ, എന്റെ പാപങ്ങളെ നീ പൊറുത്ത് തരേണമേ, എന്റെ അന്നത്തിൽ നീ വിശാലത തരേണമേ, എനിക്ക് നൽകിയതിൽ എനിക്ക് നീ അനുഗ്രഹം ചൊരിയേണമേ’.

( اللَّهُمَّ إِنِّيَ أَعُوذُ بِرِضَاكَ مِنْ سَخَطِكَ ، وَبِمُعَافَاتِكَ مِنْ عُقُوبَتِكَ ، وَأَعُوذُ بِكَ مِنْكَ ، لاَ أُحْصِي ثَنَاءً عَلَيْكَ ، أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِكَ )

‘അല്ലാഹുവേ, നിന്റെ തൃപ്തി കൊണ്ട് നിന്റെ കോപത്തിൽ നിന്നും, നിന്റെ മാപ്പ് കൊണ്ട് നിന്റെ ശിക്ഷയിൽ നിന്നും ഞാൻ രക്ഷ തേടുന്നു. നിന്നിൽ നിന്നും നിന്നോട് തന്നെ ഞാൻ ശരണം തേടുന്നു. നിനക്കുള്ള സ്തുതി ക്ലിപ്തപ്പെടുത്താൻ എനിക്ക് സാധ്യമല്ല. നിന്റെ മേൽ എപ്രകാരമാണോ നീ പുകഴ്ത്തിയത് അപ്രകാരം തന്നെയാകുന്നു നീ’.

( اللَّهُمَّ اجْعَلْنِي شَكُورًا ، وَاجْعَلْنِي صَبُورًا ، وَاجْعَلْنِي فِي عَيْنِي صَغِيرًا وَفِي أَعْيُنِ النَّاسِ كَبِيرًا )

‘അല്ലാഹുവേ, എന്നെ നീ നന്ദി കാണിക്കുന്നവാക്കേണമേ. ക്ഷമിക്കുന്നവനാക്കേണമേ. എന്റെ കണ്ണിൽ എന്നെ നീ ചെറിയവനും ജനങ്ങളുടെ കണ്ണിൽ എന്നെ നീ വലിയവനുമാക്കേണമേ’



( اللَّهُمَّ إِنِّي عَبْدُكَ ابْنُ عَبْدِكَ ابْنُ أَمَتِكَ، نَاصِيَتِي بِيَدِكَ، مَاضٍ فِيَّ حُكْمُكَ، عَدْلٌ فِيَّ قَضَاؤُكَ، أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ، سَمَّيْتَ بِهِ نَفْسَكَ، أَوْ أَنْزَلْتَهُ فِي كِتَابِكَ، أَوْ عَلَّمْتَهُ أَحَداً مِنْ خَلْقِكَ، أَوِ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ، أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي، وَنُورَ صَدْرِي، وَجَلاَءَ حُزْنِي، وَذَهَابَ هَمِّي )

‘അല്ലാഹുവേ, തീർച്ചയായും ഞാൻ നിന്റെ അടിമയാണ്, നിന്റെ അടിമയുടെ സന്തതിയാണ്, നിന്റെ അടിയാത്തിയുടെയും സന്തതിയാണ്, എന്റെ കുടുമ നിന്റെ കയ്യിലാണ്, നിന്റെ തീരുമാനം എന്നിൽ നടപ്പാവുന്നതാണ്, നിന്റെ വിധി എന്നിൽ നീതിമത്താണ്,നീ നിനക്ക് സ്വയമായി വെച്ചതോ, അല്ലെങ്കിൽ നീ നിന്റെ ഗ്രന്ഥത്തിൽ അവതരിപ്പിച്ചതോ, അല്ലെങ്കിൽ നിന്റെ സൃഷ്ടികളെയാരെങ്കിലും പഠിപ്പിച്ചതോ, അല്ലെങ്കിൽ നിന്റെ അദൃശ്യ ജ്ഞാനത്തിൽ നീ തിരഞ്ഞെടുത്തതോ ആയ നിന്റെ നാമങ്ങൾ കൊണ്ട് ഞാൻ ചോദിക്കുന്നു.. മഹത്തായ ഖുർആനിനെ എന്റെ ഹൃദയത്തിന്റെ വസന്തമാക്കേണമേ.. എന്റെ നെഞ്ചിന്റെ പ്രകാശമാക്കേണമേ.. എന്റെ ദുഃഖത്തെ നീക്കുന്നതാക്കേണമേ.. എന്റെ വ്യഥകളെ ഹനിക്കുന്നതാക്കേണമേ’

( اللَّهُمَّ أَغْنِنِي بِالْعِلْمِ ، وَزَيِّنِّي بِالْحِلْمِ ، وَأَكْرِمْنِي بِالتَّقْوَى ، وَجَمِّلْنِي بِالعَافِيَةِ )

‘അല്ലാഹുവേ, അറിവു കൊണ്ടെന്നെ നീ ധന്യനാക്കേണമേ, സഹിഷ്ണുത കൊണ്ടെന്നെ അലങ്കരിക്കേണമേ, ഭയഭക്തി കൊണ്ടെന്നെ നീ ആദരിക്കേണമേ, സൗഖ്യം കൊണ്ടെന്നെ നീ ഭംഗിയാക്കേണമേ’.

( اللَّهُمَّ إِنَّا نَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ مِنْهُ نَبِيُّكَ مُحَمَّدٌ صَلَّى اللهُ عَلَيْهِ وَسَلَّمَ وَنَعُوذُ بِكَ مِنْ شَرِّ مَا اسْتَعَاذَكَ مِنْهُ نَبِيُّكَ مُحَمَّدٌ صَلَّى اللهُ عَلَيْهِ وَسَلَّمَ ، وَأَنْتَ الْمُسْتَعَانُ وَعَلَيْكَ الْبَلاَغُ وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللهِ )

‘അല്ലാഹുവേ, നിന്റെ പ്രവാചകൻ മുഹമ്മദ്(ﷺ) നിന്നോട് ചോദിച്ച നന്മയിൽ നിന്നെല്ലാം ഞങ്ങൾ നിന്നോട് ചോദിക്കുന്നു. നിന്റെ പ്രവാചകൻ മുഹമ്മദ്(ﷺ) നിന്നിൽ ശരണം തേടിയ തിന്മകളിൽ നിന്നെല്ലാം ഞങ്ങൾ നിന്നോട് ശരണം തേടുകയും ചെയ്യുന്നു.നീയാണ് സഹായം തേടപ്പെടുന്നവൻ,എത്തിക്കാനുള്ള ബാധ്യതയും നിനക്ക് തന്നെ.അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയും ഇല്ല തന്നെ’.

( اللَّهُمَّ إِنِّي أَسْأَلُكَ أَنْ تُبَارِكَ لِي فِي نَفْسِي، وَفِي سَمْعِي، وَفِي بَصَرِي، وَفِي رُوْحِي، وَفِي خَلْقِي، وَفِي خُلُقِي، وَفِي أَهْلِي، وَفِي مَحْيَايَ، وَفِي مَمَاتِي، وَفِي عَمَلِي، وَتَقَبَّلْ حَسَنَاتِي، وَأَسْأَلُكَ الدَّرَجَاتِ الْعُلَى مِنَ الْجَنَّةِ )

‘അല്ലാഹുവേ, എന്റെ ശരീരത്തിലും എന്റെ കേൾവിയിലും എന്റെ കാഴ്ചയിലും എന്റെ ആത്മാവിലും എന്റെ സൃഷ്ടിപ്പിലും എന്റെ സ്വഭാവത്തിലും എന്റെ കുടുംബത്തിലും എന്റെ മരണത്തിലും എന്റെ ജോലിയിലും എന്റെ സൽക്കർമ്മങ്ങളിലും അനുഗ്രഹം ചൊരിയാൻ ഞാൻ നിന്നോട് തേടുന്നു. സ്വർഗത്തിലെ ഉന്നത പദവികൾ ഞാൻ നിന്നോട് ഇരക്കുകയും ചെയ്യുന്നു.

( اللَّهُمَّ إِنِّى أَسْأَلُكَ الْجَنَّةَ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ وَأَسْأَلُكَ أَنْ تَجْعَلَ كُلَّ قَضَاءٍ تَقْضِيهِ لِى خَيْرًا )

‘അല്ലാഹുവേ, സ്വർഗ്ഗവും അതോടടുപ്പിക്കുന്ന വാക്കും പ്രവർത്തിയും ഞാൻ നിന്നോട് ചോദിക്കുന്നു. നരകത്തിൽ നിന്നും അതോടടുപ്പിക്കുന്ന വാക്കുകളിൽ നിന്നും പ്രവർത്തികളിൽ നിന്നും നിന്നെ ഞാൻ അഭയം പ്രാപിക്കുന്നു. എനിക്കു നീ വിധിക്കുന്ന എല്ലാ വിധിയും ഏറ്റവും നല്ല വിധിയാക്കണേ എന്നും ഞാൻ നിന്നോടപേക്ഷിക്കുന്നു’.



(اللَّهُمَّ إِنِّي أَسْأَلُكَ الثَّبَاتَ فِي الأَمْرِ، وَالْعَزِيْمَةَ عَلَى الرُّشْدِ، وَأَسْأَلُكَ شُكْرَ نِعْمَتِكَ، وَأَسْأَلُكَ حُسْنَ عِبَادَتِكَ، وَأَسْأَلُكَ قَلْباً سَلِيْماً، وَأَسْأَلُكَ لِسَاناً صَادِقاً، وَأَسْأَلُكَ خَيْرَ مَا تَعْلَمُ، وَأَعُوْذُ بِكَ مِنْ شَرِّ مَا تَعْلَمُ، وَأَسْتَغْفِرُكَ لِمَا تَعْلَمُ إِنَّكَ أَنْتَ عَلاَّمُ الْغُيُوْبِ)

‘അല്ലാഹുവേ, എല്ലാ കാര്യങ്ങളിലും സ്ഥിരതയും നേർമാർഗ്ഗത്തിൽ ദൃഢതയും ഞാൻ നിന്നോടിരക്കുന്നു. നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യാനും നല്ല നിലയിൽ നിന്നെ ആരാധിക്കാനുമുള്ള കഴിവ് നീ എനിക്ക് നൽകേണമേ, കറ കളഞ്ഞ മനസ്സും, സത്യം പറയുന്ന നാവും, നീ എനിക്ക് പ്രദാനം ചെയ്യണേ. നിനക്കറിയാവുന്നതിൽ ഉത്തമമായിട്ടുള്ളത് ഞാൻ നിന്നോടഭ്യർത്ഥിക്കുന്നു. നിനക്കറിയാവുന്നതിൽ ദോഷകരമായിട്ടുള്ളവയിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. ഞാൻ ചെയ്തതായി നീ അറിയുന്ന തെറ്റുകളിൽ നിന്ന് ഞാൻ നിന്നോട് മാപ്പപേക്ഷിക്കുന്നു. തീർച്ചയായും നീ അദൃശ്യങ്ങൾ അറിയുന്നവൻ തന്നെ’.

( اللَّهُمَّ إِنِّي أسْأَلُكَ عَيْشَةً نَقِيَّةً ، وَمَيْتَةً سَوِيَّةً ، وَمَرَدًّا غَيْرَ مُخْزٍ وَلاَ فَاضِحٍ)

‘അല്ലാഹുവേ, സംശുദ്ധമായൊരു ജീവിതത്തെയും ശാന്തമായ മരണത്തെയും നിന്ദ്യതയും അപമാനവുമില്ലാത്തൊരു മടക്കത്തെയും ഞാൻ നിന്നോട് ചോദിക്കുന്നു’

( اللَّهُمَّ إِنِّي أَسْأَلُكَ فِعْلَ الْخَيْرَاتِ ، وَتَرْكَ الْمُنْكَرَاتِ ، وَحُبَّ الْمَسَاكِيْنَ ، وَإِذَا أَرَدْتَ بِعِبَادِكَ فِتْنَةً فَاقْبِضْنِي إِلَيْكَ غَيْرَ مَفْتُوْنٍ)

‘അല്ലാഹുവേ, നന്മകൾ ചെയ്യുവാനും വെറുക്കപ്പെട്ടവ വെടിയുവാനും ദരിദ്രരെ സ്നേഹിക്കുവാനും (തൗഫീഖിനായി) നിന്നോട് ഞാൻ ഇരക്കുന്നു. നിന്റെ അടിമകൾക്ക് നീ വല്ല പരീക്ഷണവും ഉദ്ദേശിച്ചാൽ കുഴപ്പത്തിൽപ്പെടാതെ നീയെന്നെ പിടിച്ചെടുത്താലും’

( اللَّهُمَّ إِنِّي أَسْأَلُكَ نَفْسًا بِكَ مُطْمَئِنَّةً ، تُؤْمِنُ بِلِقَائِكَ ، وَتَرْضَى بِقَضَائِكَ ، وَتَقْنَعُ بِعَطَائِكَ)

‘അല്ലാഹുവേ, നിന്നെ കണ്ടുമുട്ടാൻ കൊതിക്കുന്നതും നിന്റെ വിധിയെ തൃപ്തിപ്പെടുന്നതും നിന്റെ ദാനത്തിൽ സംതൃപ്തിയടയുന്നതും നിന്നെക്കൊണ്ട് ശാന്തവുമായ ഒരു മനസിനെ ഞാൻ നിന്നോട് ചോദിക്കുന്നു’

( اَللَّهُمَّ إِنِّي أَعُوْذُ بِكَ مِنَ الْجُبْنِ، وَأَعُوْذُ بِكَ مِنْ أَنْ أُرَدَّ إِلَى أَرْذَلِ الْعُمْرِ، وَأَعُوْذُ بِكَ مِنَ فِتْنَةِ الدُّنْيَا وَ وَأَعُوْذُ بِكَ مِنَ عَذَابِ الْقَبْرِ)

‘അല്ലാഹുവേ, ഭീരുത്വത്തിൽ നിന്ന് നിന്നോട് ഞാൻ രക്ഷ തേടുന്നു, ഏറ്റവും നിന്ദ്യമായ പ്രായത്തിലേക്ക് എത്തിപ്പെടുന്നതിൽ നിന്നും നിന്നോട് ഞാൻ ശരണം തേടുന്നു, ദുനിയാവിലെ കുഴപ്പങ്ങളിൽ നിന്നും നിന്നോട് ഞാൻ കാവൽ തേടുന്നു,ഖബ്ർ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ മോചനം തേടുന്നു’.

( اللَّهُمَّ إِنِّي أَعُوْذُ بِكَ مِنَ الْعَجْزِ وَالْكَسَلِ ، وَالْبُخْلِ وَالْهَرَمِ ، وَالْقَسْوَةِ وَالْغَفْلَةِ ، وَالذِّلَّةِ وَالْمَسْكَنَةِ ، وَأَعُوذُ بِكَ مِنَ الفَقْرِ وَالْكُفْرِ، وَالشِّرْكِ وَالنِّفَاقِ ، وَالسُّمْعَةِ وَالرِّيَاءِ ، وَأَعُوذُ بِكَ مِنَ الصَّمِّ وَالْبُكْمِ وَالْجُنُونِ وَالْبَرَصِ وَالْجُذَامِ وَسَيِّءِ الأَسْقَامِ)

‘കഴിവുകേട്, അലസത, പിശുക്ക്, വാർദ്ധക്യം, കാഠിന്യം, അശ്രദ്ധ, നിന്ദ്യത, നിസ്സഹായത എന്നിവയിൽ നിന്നെല്ലാം അല്ലാഹുവേ, നിന്നെ ഞാൻ ശരണം പ്രാപിക്കുന്നു. ദാരിദ്ര്യം, അവിശ്വാസം, ബഹുദൈവ വിശ്വാസം, കാപട്യം, ലോകമാന്യത എന്നിവയിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. ബധിരത, മൂകത, ഭ്രാന്ത്, വെള്ളപ്പാണ്ട്, കുഷ്ഠം, മറ്റ് ചീത്തരോഗങ്ങൾ എന്നിവയിൽ നിന്നെല്ലാം അല്ലാഹുവേ, നിന്നെ ഞാൻ അഭയം പ്രാപിക്കുന്നു’.



(اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الفَقْرِ وَالغَفْلَةِ وَالذِّلَّةِ ، وَأَعُوذُ بِكَ مِنْ أَنْ أَظْلِمَ أَوْ أُظْلَمَ)

‘അല്ലാഹുവേ, ദാരിദ്ര്യം, ഇല്ലായ്മ, നിന്ദ്യത എന്നിവയിൽ നിന്ന് നിന്നോട് ഞാൻ രക്ഷ തേടുന്നു. ഞാൻ അക്രമിക്കുന്നതിൽ നിന്നും അക്രമിക്കപ്പെടുന്നതിൽ നിന്നും രക്ഷിതാവേ ഞാൻ നിന്നോട് കാവലിരക്കുന്നു’

(اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَدْمِ وَالتَّرَدِّي وَالْغَرَقِ وَالْحَرِيقِ وَالْهَرَمِ ، وَأَعُوذُ بِكَ أَنْ يَتَخَبَّطَنِي الشَّيْطَانُ عِنْدَ الْمَوْتِ ، وَأَنْ أُقْتَلَ فِي سَبِيلِكَ مُدْبِرًا وَأَنْ أَمُوتَ لَدِيغًا)

‘അല്ലാഹുവേ, വീട് തകർന്നു വീണും ഉയർച്ചയിൽ നിന്ന് വീണും വെള്ളത്തിൽ മുങ്ങിയും തീപൊള്ളലേറ്റും മരിക്കുന്നതിൽ നിന്നും വാർധക്യത്തിന്റെ നിസ്സഹായതയിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. മരണവേളയിൽ പിശാച് എന്നെ വഴിപിഴപ്പിക്കുന്നതിൽ നിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു. വിഷബാധയേറ്റ് മരിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു’

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ ، وَالْعَجْزِ وَالْكَسَلِ ، وَالْجُبْنِ وَالْبُخْلِ ، وَضَلَعِ الدَّيْنِ وَغَلَبَةِ الرِّجَالِ)

‘അല്ലാഹുവേ, മനക്ലേശങ്ങളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും, അശക്തിയിൽ നിന്നും ആലസ്യത്തിൽ നിന്നും, പിശുക്കിൽ നിന്നും ഭീരുത്വത്തിൽ നിന്നും, കടക്കെണിയിൽ പെടുന്നതിൽ നിന്നും, ആളുകൾ എന്നെ അതിജയിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു’.

(اللَّهُمَّ أَنْتَ الْأَوَّلُ لاَ شَيْءَ قَبْلَكَ ، وَأَنْتَ الآخِرُ لاَ شَيْءَ بَعْدَكَ ، أَعُوذُ بِكَ مِنْ كُلِّ دَابَّةٍ نَاصِيَّتُهَا بِيَدِكَ وَأَعُوذُ بِكَ مِنَ الاِثْمِ وَالكَسَلِ وَمِنْ عَذَابِ النَّارِ وَمِنْ عَذَابِ القَبْرِ وَمِنْ فِتْنَةِ الْغِنَى وَفِتْنَةِ الفَقْرِ)

‘അല്ലാഹുവേ, നീയാണ് ആദ്യത്തേവൻ, നിന്റെ മുമ്പ് ഒന്നുമില്ല. നീയാണ് അവസാനത്തേവനും, നിന്റെ ശേഷം ഒന്നുമില്ല. എല്ലാ തരം ഇഴ ജന്തുക്കളിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു, അവയുടെയെല്ലാം കടിഞ്ഞാൺ നിന്റെ കയ്യിലാണ്. പാപം, അലസത എന്നിവയിൽ നിന്നും നരക ശിക്ഷ, ഖബ്ർ ശിക്ഷ എന്നിവയിൽനിന്നും ഐശ്വര്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും കുഴപ്പങ്ങളിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു’

( اَللَّهُمَّ إِنِّي أَعُوذُ بِكَ مِنْ جَهْدِ الْبَلَاءِ ، وَدَرَكِ الشَّقَاءِ ، وَسُوءِ الْقَضَاءِ ، وَشَمَاتَةِ الْأَعْدَاءِ)

‘അല്ലാഹുവേ, പരീക്ഷണത്തിന്റെ ക്ലേശത്തിൽ നിന്നും, ദുർഭഗത പ്രാപിക്കുന്നതിൽ നിന്നും, വിധി വൈപരീത്യങ്ങളിൽ നിന്നും, ശത്രുക്കളുടെ പരിഹാസങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു’.

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ ، وَتَحَوُّلِ عَافِيَتِكَ، وَفُجَاءَةِ نِقْمَتِكَ وَجَمِيعِ سَخَطِكَ)

‘അല്ലാഹുവേ, നിന്റെ അനുഗ്രഹം നീങ്ങിപ്പോകുന്നതിൽ നിന്നും നീ നൽകിയ സൗഖ്യം മാറിപ്പോകുന്നതിൽ നിന്നും നിന്റെ ശിക്ഷ പെട്ടെന്ന് വരുന്നതിൽ നിന്നും നിന്റെ എല്ലാവിധ കോപത്തിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു’.

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْمَأْثَمِ وَالْمَغْرَمِ )

‘അല്ലാഹുവേ, പാപങ്ങളിൽ നിന്നും കടങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു’.

(اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ سَمْعِي ، وَمِنْ شَرِّ بَصَرِي ، وَمِنْ شَرِّ لِسَانِي ، وَمِنْ شَرِّ قَلْبِي)



‘അല്ലാഹുവേ, എന്റെ കേൾവിയുടെ നാശത്തിൽ നിന്നും,എന്റെ കാഴ്ചയുടെ നാശത്തിൽ നിന്നും, എന്റെ നാവിന്റെ നാശത്തിൽ നിന്നും, എന്റെ ഹൃദയത്തിന്റെ നാശത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ യാചിക്കുന്നു

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ مَا عَمِلْتُ وَشَرِّ مَا لَمْ أَعْمَلْ)

‘അല്ലാഹുവേ, ഞാൻ പ്രവർത്തിച്ചതിന്റെ തിന്മയിൽ നിന്നും പ്രവർത്തിക്കാത്തതിന്റെ തിന്മയിൽ നിന്നും നിന്നിൽ അഭയം തേടുന്നു’

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ صَاحِبٍ يُرْدِينِي)

‘അല്ലാഹുവേ, എന്നെ നിന്ദിക്കുന്ന കൂട്ടുകാരനിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു’

( اَللَّهُمَّ أَنْتَ الْمَلِكُ لاَ إِلَهَ إِلاَّ أَنْتَ ، أَنْتَ رَبِّيْ وَأَنَا عَبْدُكَ ، ظَلَمْتُ نَفْسِيْ وَاعْتَرَفْتُ بِذَنْبِيْ ، فَاغْفِرْ لِيْ ذُنُوْبِيْ جَمِيْعًا ، إِنَّهُ لاَ يَغْفِرُ الذُّنُوْبَ إِلاَّ أَنْتَ ، وَاهْدِنِيْ لأَحْسَنِ الْأَخْلاَقِ ، لاَ يَهْدِيْ لأَحْسَنِهَا إِلاَّ أَنْتَ ، وَاصْرِفْ عَنِّيْ سَيِّئَهَا ، لاَ يَصْرِفُ عَنِّيْ سَيِّئَهَا إِلاَّ أَنْتَ ، لَبَّيْكَ وَسَعْدَيْكَ ، وَالْخَيْرُ كُلُّهُ بِيَدَيْكَ ، وَالشَّرُّ لَيْسَ إِلَيْكَ ، أَنَا بِكَ وَإِلَيْكَ ، تَبَارَكْتَ وَتَعَالَيْتَ ، أَسْتَغْفِرُكَ وَأَتُوْبُ إِلَيْكَ)

‘അല്ലാഹുവേ നീയാണ് രാജാവ്. നീയല്ലാതെ ആരാധ്യനില്ല. നീയാണ് എന്റെ നാഥൻ. ഞാൻ നിന്റെ ദാസനും. ഞാൻ എന്നോട് തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. ഞാനെന്റെ കുറ്റം സമ്മതിച്ചിരിക്കുന്നു.അതിനാൽ എന്റെ എല്ലാപാപങ്ങളും എനിക്ക് പൊറുത്തുതരേണമേ. തീർച്ചയായും നീയല്ലാതെ പാപങ്ങൾ പൊറുക്കുകയില്ല.ഏറ്റവും നല്ല സ്വഭാവത്തിലേക്ക് നീ എന്നെ നയിക്കേണമേ.ഏറ്റവും നല്ല സ്വഭാവത്തിലേക്ക് നീയല്ലാതെ നയിക്കുകയില്ല. ചീത്ത സ്വഭാവത്തെ നീ എന്നിൽ നിന്ന് തിരിച്ചു വിടേണമേ.

ചീത്ത സ്വഭാവത്തെ എന്നിൽ നിന്ന് നീയല്ലാതെ തിരിച്ചുവിടുകയില്ല. ഞാൻ നിന്റെ കൽപന സ്വീകരിക്കാൻ ഇതാ തയ്യാറായിരിക്കുന്നു. നിന്നെ സഹായിക്കാൻ സന്നദ്ധനായിരിക്കുന്നു. നന്മ മുഴുവൻ നിന്റെ കരങ്ങളിലാകുന്നു. തിന്മയ്ക്ക് നിന്റെ അടുത്ത് ഒരു വഴിയുമില്ല. ഞാൻ നിന്നെക്കൊണ്ടാവുന്നു(ജീവിക്കുന്നത്).നിന്നിലേക്കാവുന്നു(തിരിച്ചു വരുന്നത്). നീ ഗുണ സമ്പൂർണ്ണനാകുന്നു. നീ ഉന്നതനാകുന്നു. ഞാൻ നിന്നോട് പാപ മോചനത്തിന് പ്രാർത്ഥിക്കുന്നു. നിന്നിലേക്ക് പശ്ചാതപിച്ച് മടങ്ങുന്നു'.

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ فِتْنَةِ الْعَذَابِ الْقَبْرِ ، وَ مِنْ فِتْنَةِ الْمَسِيحِ الدَّجَّالِ ، وَ أَعُوذُ بِكَ مِنْ فِتْنَةِ الْمَحْيَا وَ فِتْنَةِ الْمَمَاتِ)

'അല്ലാഹുവേ, ഖബ്ർ ശിക്ഷയുടെ കുഴപ്പത്തിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു. ദജ്ജാലിന്റെ കുഴപ്പത്തിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു. ജീവിതത്തിലെയും മരണത്തിലെയും കുഴപ്പങ്ങളിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു'.

(اللَّهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي الدُّنْيَا وَالآخِرَةِ )

'അല്ലാഹുവേ, നിന്റെ മാപ്പും, ഇഹപര ജീവിതങ്ങളിലെ സൗഖ്യവും ഞാൻ നിന്നോടിരക്കുന്നു'.

( اللَّهُمَّ إِنِّى أَسْأَلُكَ الْجَنَّةَ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ ، وَأَعُوذُ بِكَ مِنَ النَّارِ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ)

'അല്ലാഹുവേ, സ്വർഗവും അതിലേക്ക് അടുപ്പിക്കുന്ന വാക്കുകളും പ്രവർത്തികളും ഞാൻ നിന്നോട് ചോദിക്കുന്നു. നരകത്തിൽ നിന്നും അതിലേക്ക് അടുപ്പിക്കുന്ന വാക്ക്, പ്രവർത്തികളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുകയും ചെയ്യുന്നു'.



( اَللَّهُمَّ إِنِّيْ ظَلَمْتُ نَفْسِيْ ظُلْمًا كَثِيْرًا ، وَلاَ يَغْفِرُ الذُّنُوْبَ إِلاَّ أَنْتَ ، فَاغْفِرْ لِيْ مَغْفِرَةً مِنْ عِنْدِكَ ، وَارْحَمْنِيْ إِنَّكَ أَنْتَ الْغَفُوْرُ الرَّحِيْمُ )

'അല്ലാഹുവേ, ഞാനെന്നോട് തന്നെ അനേകം തെറ്റുകൾ ചെയ്തിരിക്കുന്നു, നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല, അതിനാൽ നിന്റെ പക്കൽ നിന്നുള്ള മാപ്പായിക്കൊണ്ട് എനിക്ക് നീ പൊറുത്തു തരേണമേ. എന്നോട് നീ കരുണ ചെയ്യേണമേ, തീർച്ചയായും നീ പാപങ്ങൾ പൊറുക്കുന്നവനും കരുണ ചെയ്യുന്നവനുമാണ്'.

(اللَّهُمَّ ارْزُقْنِي مِنْ طاعَتِكَ مَا تَحُولُ بَيْنِي وَبَيْنَ مَعَصِيتك ، وارْزُقْنِي مِنْ خَشْيَتِكَ مَا تَبْلُغْنِي بِهِ رَحْمَتُكَ ، وارْزُقْنِي مِنَ الْيَقِينِ مَا تُهَوِّنُ بِهِ عَلَيَّ مَصَائِبَ الدُّنْيَا ، وَبارِكْ لِي فِي سَمْعِي وَبَصَرِي ، وَاجْعَلْهُما الْوَارِثَ مِنِّي)

'അല്ലാഹുവേ, എനിക്കും നിന്നെ ധിക്കരിക്കുന്നതിനുമിടയിൽ മറയിടുന്ന വിധമുള്ള അനുസരണം നൽകിയും, എന്നെ നിന്റെ കാരുണ്യത്തിലെത്തിക്കും വിധം നിന്നോട് ഭയഭക്തിയുള്ളവനാക്കിയും, ഐഹിക ജീവിതത്തിലെ പരീക്ഷണങ്ങൾ നിസ്സാരമാക്കുന്ന ദൃഢവിശ്വാസം പ്രദാനം ചെയ്തും എന്നെ നീ കടാക്ഷിക്കേണേ. എന്റെ കേൾവിയിലും കാഴ്ചയിലും അനുഗ്രഹം ചൊരിയേണമേ.. അവയെ എന്റെ അനന്തരമാക്കുകയും ചെയ്യേണമേ'.

(اللَّهُمَّ عَافِنِي فِي بَدَنِي ، اللَّهُمَّ عَافِنِي فِي سَمْعِي ، اللَّهُمَّ عَافِنِي فِي بَصَرِي ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْكُفْرِ وَالْفَقْرِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْرِ لَا إِلَهَ إِلَّا أَنْتَ)

'അല്ലാഹുവേ, നീ എന്റെ ശരീരത്തിന് സൗഖ്യം പ്രദാനം ചെയ്യേണമേ, നീ എന്റെ കാതിന് സൗഖ്യം പ്രദാനം ചെയ്യേണമേ അല്ലാഹുവേ,നീ എന്റെ കണ്ണിന് സൗഖ്യം നൽകേണമേ! അല്ലാഹുവേ, സത്യനിഷേധത്തിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും ഖബ്റി

ലെ ശിക്ഷയിൽ നിന്നും നിന്നിൽ ഞാൻ അഭയം തേടുന്നു.നീയല്ലാതെ ഒരു ഇലാഹുമില്ല'.

(اللَّهُمَّ اغْفِرْ لِي جَمِيعَ مَا مَضَى مِنْ ذَنْبِي ، وَاعْصِمْنِي فِيمَا بَقِيَ مِنْ عُمْرِي ، وَارْزُقْنِي عَمَلاً زَاكِيًا تَرْضَى عَنِّي)

'അല്ലാഹുവേ, എന്നിൽ സംഭവിച്ചു പോയ മുഴുവൻ പാപങ്ങളും എനിക്ക് നീ പൊറുത്തു തരേണമേ. അവശേഷിക്കുന്ന എന്റെ ആയുഷ്കാലം നീ പാപ സുരക്ഷിതമാക്കിത്തരേണമേ. എന്നെക്കുറിച്ച് നിനക്ക് തൃപ്തമാവുന്ന പരിശുദ്ധമായ കർമ്മങ്ങളനുഷ്ഠിക്കാൻ എനിക്ക് നീ അവസരം തരേണമേ'

( اللَّهُمَّ اقْسِمْ لَنَا مِنْ خَشْيَتِكَ مَا يَحُولُ بَيْنَنَا وَبَيْنَ مَعَاصِيكَ ، وَمِنْ طَاعَتِكَ مَا تُبَلِّغُنَا بِهِ جَنَّتَكَ ، وَمِنْ الْيَقِينِ مَا تُهَوِّنُ بِهِ عَلَيْنَا مُصِيبَاتِ الدُّنْيَا ، وَمَتِّعْنَا بِأَسْمَاعِنَا وَأَبْصَارِنَا وَقُوَّتِنَا مَا أَحْيَيْتَنَا ، وَاجْعَلْهُ الْوَارِثَ مِنَّا ، وَاجْعَلْ ثَأْرَنَا عَلَى مَنْ ظَلَمَنَا ، وَانْصُرْنَا عَلَى مَنْ عَادَانَا ، وَلَا تَجْعَلْ مُصِيبَتَنَا فِي دِينِنَا ، وَلَا تَجْعَلْ الدُّنْيَا أَكْبَرَ هَمِّنَا وَلَا مَبْلَغَ عِلْمِنَا ، وَلَا تُسَلِّطْ عَلَيْنَا مَنْ لَا يَرْحَمُنَا )

'അല്ലാഹുവേ, ഞങ്ങൾക്കും നിന്നെ ധിക്കരിക്കുന്നതിനുമിടയിൽ മറയിടുന്ന വിധമുള്ള ഭയഭക്തി നൽകിയും,ഞങ്ങളെ സ്വർഗത്തിലെത്തിക്കും വിധം നിന്നോട് കീഴ് വണക്കമുള്ളവരാക്കിയും, ഐഹിക ജീവിതത്തിലെ പരീക്ഷണങ്ങൾ നിസ്സാരമാക്കുന്ന ദൃഡവിശ്വാസം പ്രദാനം ചെയ്തും ഞങ്ങളെ കടാക്ഷിക്കേണേ. അല്ലാഹുവേ ഞങ്ങളെ നീ ജീവിപ്പിക്കുന്ന കാലമത്രയും ഞങ്ങളുടെ കേൾവിയും കാഴ്ചയും ആരോഗ്യവുമെല്ലാം പ്രയോജനപ്രദമാക്കുകയും അവയെ ഞങ്ങളുടെ അനന്തരമാക്കുകയും ചെയ്യേണമേ. ഞങ്ങളെ അക്രമിച്ചവരോട് ഞങ്ങളുടെ പ്രതികാരമെടുക്കണേ.ഞങ്ങളെ ദ്രോഹിച്ചവർക്കെതിരെ ഞങ്ങളെ നീ സഹായിക്കേണേ. ഞങ്ങളുടെ മത കാര്യത്തിൽ ഞങ്ങൾക്ക് ഒരു പരീക്ഷണവും നൽകരുതേ. ഐഹിക ജീവിതത്തെ ഞങ്ങളുടെ മുഖ്യ ചിന്തയോ അറിവിന്റെ ലക്ഷ്യമോ ആക്കരുതേ. നിന്നെ ഭയപ്പെടാത്തവർക്കും ഞങ്ങളോട് കനിവ് കാണിക്കാത്തവർക്കും ഞങ്ങളുടെ മേൽ ആധിപത്യം നൽകരുതേ'.

(اللَّهُمَّ تَوَفَّنَا مُسْلِمِينَ ، وَأَحْيِنَا مُسْلِمِينَ ، وَأَلْحِقْنَا بِالصَّالِحِينَ ، غَيْرَ خَزَايَا وَلاَ مَفْتُونِيْنَ)

'അല്ലാഹുവേ, മുസ്ലിമായി ഞങ്ങളെ നീ മരിപ്പിക്കേണമേ. മുസ്ലിമായി ഞങ്ങളെ നീ ജീവിപ്പിക്കുകയും ചെയ്യേണമേ. നിന്ദ്യരാവാതെയും കുഴപ്പങ്ങളിൽ പെടാതെയും സച്ചരിതരോടൊപ്പം ഞങ്ങളെ നീ ചേർക്കേണമേ'.

(اللّهُمَّ مَتِّعْنِي بِسَمْعِي وَ بَصَرِي وَاجْعَلْهُماَ الْوَارِثَ مِنِّي وَانْصُرْنِي عَلَى مَنْ ظَلَمَنِي ، وَأَرِنِي فِيهِ ثَأْرِي)

'എന്റെ കേൾവിയും കാഴ്ചയും ആരോഗ്യവുമെല്ലാം പ്രയോജനപ്രദമാക്കുകയും അവയെ എന്റെ അനന്തരമാക്കുകയും ചെയ്യേണമേ. എന്നെ അക്രമിച്ചവർക്കെതിരെ എന്നെ നീ സഹായിക്കേണേ.അവനിൽ എന്റെ പ്രതികാരം നീ കാണിച്ചു തരേണമേ'

(اللَّهُمَّ لَكَ الْحَمْدُ بِمَا بَسَطْتَ فِي رِزْقِنَا ، وَأَظْهَرْتَ أَمْنَنَا ، وَأَحْسَنْتَ مُعَافَاتِنَا ، وَمِنْ كُلِّ مَا سَأَلْنَاكَ مِنْ صَالِحٍ مَا أَعْطَيْتَنَا ، فَلَكَ الْحَمْدُ بِالإِسْلاَمِ ، وَلَكَ الْحَمْدُ بِالأَهْلِ وَالْمَالِ ، وَلَكَ الْحَمْدُ بِاليَقِينِ وَالْمُعَافَاةِ )

'അല്ലാഹുവേ,ഞങ്ങളുടെ അന്നം നീ വിശാലമാക്കിത്തന്നതിനും, ഞങ്ങൾക്ക് പ്രകടമായ നിർഭയത്വം നൽകിയതിനും, ഞങ്ങളുടെ സൗഖ്യം നന്നാക്കിത്തന്നതിനും, ഞങ്ങൾ ചോദിച്ച നല്ലതിൽ നിന്നെല്ലാം നീ നൽകിയതിനും നിനക്ക് സർവ സ്തുതിയും. ഞങ്ങളെ ഇസ്ലാമിൽ ചേർത്തതിനും കുടുംബവും സമ്പത്തും നൽകിയതിനും നിനക്ക് സ്തുതികളർപ്പിക്കുന്നു. ദൃഢ വിശ്വാസം

നൽകിയതിനും സൗഖ്യമേകിയതിനും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

(اللَّهُمَّ مُصَرِّفَ الْقُلُوبِ صَرِّفْ قُلُوبَنَا عَلَى طَاعَتِكَ ، يَا مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ)

'ഹൃദയങ്ങളെ തിരിച്ചുകളയുന്ന അല്ലാഹുവേ, ഞങ്ങളുടെ ഹൃദയങ്ങളെ നിന്റെ അനുസരണത്തിലേക്ക് തിരിക്കേണമേ!. ഹൃദയങ്ങളെ മറിച്ചു കളയുന്നവനായ അല്ലാഹുവേ, നീ എന്റെ ഹൃദയത്തെ നിന്റെ ദീനിൽ ഉറപ്പിച്ചു നിർത്തേണമേ!'

(اللَّهُمَّ إِنِّي أَسْأَلُكَ حُبَّكَ وَحُبَّ مَنْ يُحِبُّكَ وَحُبَّ كُلَّ عَمَلٍ يُقَرِّبُنِي إِلَى حُبِّكَ)

'അല്ലാഹുവേ, നിന്നെ സ്നേഹിക്കുവാനും നിന്നെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാനും നിന്റെ സ്നേഹത്തിലേക്ക് എന്നെ അടുപ്പിക്കുന്ന എല്ലാ കർമ്മങ്ങളേയും സ്നേഹിക്കുവാനും എന്നെ അനുഗ്രഹിക്കേണമേ!'

(رَبِّ تَقَبَّلْ تَوْبَتِي ، وَاغْسِلْ حَوْبَتِي ، وَأَجِبْ دَعْوَتِي ، وَثَبِّتْ حُجَّتِي ، وَاهْدِ قَلْبِي ، وَسَدِّدْ لِسَانِي ، وَاسْلُلْ سَخِيْمَةَ صَدْرِي)

'എന്റെ രക്ഷിതാവേ, എന്റെ പശ്ചാത്താപം നീ സ്വീകരിക്കേണമേ.എന്റെ പാപങ്ങൾ കഴുകിക്കളയേണമേ. എന്റെ പ്രാർത്ഥനക്ക് ഉത്തരം തരേണമേ. എന്റെ ന്യായ വാദങ്ങളെ ഉറപ്പിച്ചു തരേണമേ.എന്റെ ഹൃദയത്തിന് സന്മാർഗ ദർശനം നൽകേണമേ.എന്റെ നാവിനെ ചൊവ്വാക്കേണമേ. എന്റെ ഹൃദയത്തിന്റെ അഴുക്കിനെ നീ നീക്കിത്തരേണമേ'

( لاَ إِلَهَ إِلاَّ اللهُ الْعَظِيْمُ الْحَلِيْمُ ، لاَ إِلَهَ إِلاَّ اللهُ رَبُّ الْعَرْشِ الْعَظِيْمِ ، لاَ إِلَهَ إِلاَّ اللهُ رَبُّ السَّمَوَاتِ وَرَبُّ الْأَرْضِ وَرَبُّ الْعَرْشِ الْعَظِيمِ)

'സഹനശീലനും മഹാനുമായ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. മഹത്തായ സിംഹാസനത്തിന്റെ രക്ഷിതാവായ അ



ല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. ആകാശങ്ങളുടെ രക്ഷിതാവും ഭൂമിയുടെ രക്ഷിതാവും മാന്യമായ സിംഹാസനത്തിന്റെ രക്ഷിതാവുമായ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല'.

( اللَّهُمَّ إِنِّي أَسْأَلُكَ النَّعِيمَ يَوْمَ القِيَامَةِ وَالأَمْنَ يَوْمَ الخَوْفِ)

'അല്ലാഹുവേ, അന്ത്യനാളിലെ അനുഗ്രഹങ്ങളെയും ഭയ ദിവസത്തിലെ നിർഭയത്വവും ഞാൻ നിന്നോട് ചോദിക്കുന്നു'.

( اللَّهُمَّ إِنِّي أَسْأَلُكَ الهُدَى وَالتُّقَى وَالعِفَافَ وَالغِنَى)

'അല്ലാഹുവേ, സന്മാർഗ്ഗവും, ഭയഭക്തിയും, സദാചാര നിഷ്ഠയും, ഐശ്വര്യവും നിന്നോട് ഞാൻ ഇരക്കുന്നു'.

( اللَّهُمَّ إِنِّي أَسْأَلُكَ بِرَحْمَتِكَ الَّتِي وَسِعَتْ كُلَّ شَيْءٍ أَنْ تَغْفِرَ لِي)

'അല്ലാഹുവേ, എല്ലാറ്റിനെയും വിശാലമായ നിന്റെ കാരുണ്യം കൊണ്ട് ഞാൻ നിന്നോട് തേടുന്നു, എനിക്ക് നീ പൊറുത്തു തരേണമേ'

( اللَّهُمَّ إِنِّي أَسْأَلُكَ عِلْماً نَافِعاً ، وَرِزْقاً طَيِّباً ، وَعَمَلاً مُتَقَبَّلاً)

'അല്ലാഹുവേ, ഉപകാരപ്രദമായ വിജ്ഞാനത്തേയും ഉത്തമമായ ഭക്ഷണത്തേയും സ്വീകാര്യമായ കർമ്മങ്ങളെയും ഞാൻ നിന്നോട് തേടുന്നു'.

( اللَّهُمَّ إِنِّي أَسْأَلُكَ مِنْ كُلِّ خَيْرٍ خَزَائِنُهُ بِيَدِكَ ، وَأَعُوذُ بِكَ مِنْ كُلِّ شَرٍّ خَزَائِنُهُ بِيَدِكَ)

'അല്ലാഹുവേ, എല്ലാവിധ നന്മകളിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു, അതിന്റെ എല്ലാം ഖജനാവുകൾ നിന്റെ കയ്യിലാണല്ലോ. എല്ലാവിധ തിന്മകളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു, അതിന്റെയും ഖജനാവുകൾ നിന്റെ പക്കലാണല്ലോ'.

( اللَّهُمَّ إِنِّي أَسْأَلُكَ نَعِيمًا لاَ يَبِيْدُ ، قُرَّةَ عَيْنٍ لاَ يَنْفَدُ ، وَمُرَافَقَةَ النَّبِيِّ صَلَّى اللهُ عَلَيهِ وَسَلَّمَ فِي أَعْلَى جَنَّةِ الْخُلْدِ)

'അല്ലാഹുവേ,അനശ്വരമായ അനുഗ്രഹങ്ങളും മങ്ങലേൽക്കാത്ത കൺകുളിർമ്മയും ശാശ്വത സ്വർഗത്തിലെ ഉന്നതങ്ങളിൽ പ്രവാചക പുംഗവനോടൊപ്പമുള്ള സഹവാസവും ഞാൻ നിന്നോട് ചോദിക്കുന്നു'.

(اللَّهُمَّ إِنِّي أَسْأَلُكَ بِنُورِ وَجْهِكَ الَّذِي أَشْرَقَتْ لَهُ السَّمَوَاتِ وَالأَرْضِ أنْ تَجْعَلَنِي فِي حِرْزِكَ وَحِفْظِكَ وَجِوَارِكَ وَتَحْتَ كَنْفِكَ)

'അല്ലാഹുവേ, ആകാശ ഭൂമികളെ മുഴുവൻ പ്രകാശപൂരിതമാക്കിയ നിന്റെ മുഖത്തിന്റെ തിരുവൊളി കൊണ്ട് തീർച്ചയായും നിന്നോട് ഞാൻ ചോദിക്കുന്നു.. എന്നെ നീ സംരക്ഷിക്കുകയും കാക്കുകയും ചെയ്യേണമേ.. നിന്റെ ആധിപത്യത്തിലും നിന്റെ സാമീപ്യത്തിലും നിലനിറുത്തേണമേ'.

(اللَّهُمَّ إِنِّي أَسْأَلُكَ حُبَّكَ وَحُبَّ مَنْ يُحِبُّكَ والعَمَلَ الذي يَبْلُغْنِي حُبَّكَ)

'അല്ലാഹുവേ, നിന്നെ സ്നേഹിക്കുവാനും നിന്നെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാനും നിന്റെ സ്നേഹം പ്രാപിക്കാൻ ഇടയാക്കുന്ന കർമ്മങ്ങളെയും സ്നേഹിക്കുവാനും എന്നെ അനുഗ്രഹിക്കേണമേ!'

( اَللَّهُمَّ إِنِّي أَسْتَغْفِرُكَ لِمَا قَدَّمْتُ وَمَا أَخَّرْتُ، وَمَا أَعْلَنْتُ وَمَا أَسْرَرْتُ أَنْتَ الْمُقَدِّمُ وَأَنْتَ الْمُؤَخِّرُ ، لَا إِلَهَ إِلَّا أَنْتَ)

'അല്ലാഹുവേ, ചെയ്തുകൂടാത്തത് ചെയ്തതും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരുന്നതും ഒളിച്ചും തെളിച്ചും ചെയ്ത തെറ്റുകളും, എന്നേക്കാൾ കൂടുതലായി നീ അറിയുന്ന തെറ്റുകളും നീ എനി



ക്ക് പൊറുത്ത് തരേണമേ. നീയാണ് മുന്തിക്കുന്നവൻ. നീ തന്നെയാണ് പിന്തിക്കുന്നവനും. നീയല്ലാതെ ഒരു ആരാധ്യനുമില്ല.'.

(اللَّهُمَّ إِنِّي أَسْتَهْدِيكَ لأَرْشَدَ أَمْرِي وَأَسْتَخِيرُكَ مِنْ شَرِّ نَفْسِي)

'അല്ലാഹുവേ,എന്റെ കാര്യങ്ങൾ സന്മാർഗ ചരിതമാവാനായി എനിക്ക് സന്മാർഗം തരേണമേയെന്ന് നിന്നോട് ഞാൻ ഇരക്കുന്നു. എന്റെ ആത്മാവിന്റെ നാശത്തിൽ നിന്നും നിന്നോട് ഞാൻ നന്മയെ ചോദിക്കുന്നു'.

(اللَّهُمَّ إِنِّ أَعُوذُ بِرِضَاكَ مِنْ سَخَطِكَ ، وَأَعُوذُ بِعَفْوِكَ مِنْ نِقْمَتِكَ وَأَعُوذُ بِكَ مِنْكَ ، اَللَّهُمَّ لاَ مَانِعَ لِمَا أَعْطَيْتَ ، وَلاَ مُعْطِيَ لِمَا مَنَعْتَ ، وَلاَ يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ)

'അല്ലാഹുവേ, നിന്റെ തൃപ്തി കൊണ്ട് നിന്റെ കോപത്തിൽ നിന്ന് ഞാൻ രക്ഷ തേടുന്നു. നിന്റെ മാപ്പ് കൊണ്ട് നിന്റെ പ്രതികാരത്തിൽ നിന്നും ഞാൻ ശരണം തേടുന്നു. നിന്നിൽ നിന്നും നിന്നോട് തന്നെ ഞാൻ രക്ഷ യാചിക്കുന്നു. നീ നൽകിയത് തടയുന്നവനില്ല. നീ തടഞ്ഞത് നൽകുന്നവനില്ല. സമ്പന്നന്റെ സമ്പത്ത് നിന്റെയടുക്കൽ പ്രയോജനപ്പെടുന്നതല്ല'

(اللَّهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي الدُّنْيَا وَالآخِرَةِ )

'അല്ലാഹുവേ, നിന്റെ മാപ്പും, ഇഹപര ജീവിതങ്ങളിലെ സൗഖ്യവും ഞാൻ നിന്നോടിരക്കുന്നു'.

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لَا يَنْفَعُ ، وَقَلْبٍ لَا يَخْشَعُ ، وَدُعَاءٍ لَا يَسْمَعُ ، وَنَفْسٍ لَا تَشْبَعُ ، وَمِنَ الْجُوعِ فَإِنَّهُ بِئْسَ الضَّجِيعُ ، وَمِنَ الْخِيَانَةِ فَإِنَّهَا بِئْسَتِ الْبِطَانَةِ ، وَمِنَ الْكَسَلِ، وَالْجُبْنِ وَالْبُخْلِ ، وَالْهَرَمِ ومِنْ أَنْ أُرَدَّ إِلَى أَرْذَلِ الْعُمُرِ ، وَمِنْ فِتْنَةِ الدَّجَّالِ ، وَعَذَابِ الْقَبْرِ ، وَفِتْنَةِ الْمَحْيَا وَالْمَمَاتِ )

'അല്ലാഹുവേ, പ്രയോജനരഹിതമായ അറിവിൽ നിന്നും, ഭയഭക്തിയില്ലാത്ത ഹൃദയത്തിൽ നിന്നും, ഉത്തരം ലഭിക്കാത്ത പ്രാർത്ഥനയിൽ നിന്നും, സംതൃപ്തി വരാത്ത മനസ്സിൽ നിന്നും വിശ

പ്പിൽ നിന്നും- കാരണം അതിന്റെ വിളി വളരെ പ്രയാസകരമാണ്, വഞ്ചനയിൽ നിന്നും- കാരണം അത് വളരെ മ്ലേച്ഛമായ കൂട്ടുകെട്ടാണ്, അലസത, പിശുക്ക്, ഭീരുത്വം, വാർദ്ധക്യം എന്നിവയിൽ നിന്നെല്ലാം ഞാൻ നിന്നിൽ അഭയം തേടുന്നു.ഏറ്റവും നിന്ദ്യമായ വാർദ്ധക്യത്തിലേക്ക് മടക്കപ്പെടുന്നതിൽ നിന്നും,ദജ്ജാലിന്റെ കുഴപ്പത്തിൽ നിന്നും, ഖബ്ർ ശിക്ഷയിൽ നിന്നും, ജീവിതത്തിലെയും മരണത്തിലെയും കുഴപ്പങ്ങളിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു'.

( اللَّهُمَّ إِنِّي أَسْتَغْفِرُكَ لِذَنْبِي وَأَسْأَلُكَ رَحْمَتَكَ )

'അല്ലാഹുവേ,എന്റെ പാപങ്ങൾ പൊറുക്കാനായി നിന്നോട് ഞാൻ യാചിക്കുന്നു, നിന്റെ കാരുണ്യം നിന്നോട് ചോദിക്കുകയും ചെയ്യുന്നു'.

( اللَّهُمَّ اجْعَلْ أَوْسَعَ رِزْقِكَ عَلَيَّ عِنْدَ كِبَرِ سِنِّي وَانْقِطَاعِ عُمْرِي )

'അല്ലാഹുവേ, എന്റെ വാർദ്ധക്യത്തിലും എന്റെ ആയുസ്സ് മുറിയുന്ന വേളയിലും എനിക്ക് വിശാലമായി അന്നം തരേണമേ'.

( اللَّهُمَّ اجْعَلْ سَرِيرِي خَيْرًا مِنْ عَلاَنِيَّتِي وَاجْعَلْ عَلاَنِيَتِي صَالِحَةً )

'അല്ലാഹുവേ, എന്റെ രഹസ്യത്തെ പരസ്യത്തെക്കാൾ ഉത്തമമാക്കേണമേ.. എന്റെ പരസ്യത്തെ സുകൃതവുമാക്കേണമേ'.

( اللَّهُمَّ اجْعَلْنَا هَادِينَ مُهْتَدِينَ ، غَيْرَ ضَالِيْنَ وَلاَ مُضِلِّينَ، سَلَمًا لأَوْلِيَائِكَ ، وَعَدُوًّا لأَعْدَائِكَ ، نُحِبُّ بِحُبِّكَ مَنْ أَحَبَّكَ ، وَنُعَادِي بِعَدَاوَتِكَ مَنْ خَالَفَكَ )

'അല്ലാഹുവേ, ഞങ്ങളെ നീ സന്മാർഗ നായകരും സന്മാർഗികളുമാക്കേണമേ, വഴി തെറ്റിയവരും തെറ്റിക്കുന്നവരുമാക്കരുതേ, നിന്റെ ഔലിയാക്കൾക്ക് സമാധാനവും നിന്റെ ശത്രുക്കളോട് വെറുപ്പും പുലർത്തുന്നവരുമാക്കേണേ.നിന്നെ ഇഷ്ടപ്പെടുന്നവരോടുള്ള നിന്റെ പ്രിയം കൊണ്ട് ഞങ്ങൾ നിന്നെ ഇഷ്ടപ്പെടുന്നു.നി



ന്നോട് എതിര് പ്രവർത്തിക്കുന്നവരോടുള്ള നിന്റെ ശത്രുത കൊണ്ട് ഞങ്ങളും അവരോട് ശത്രുത പുലർത്തുന്നു'

( اللَّهُمَّ هَذَا الدُّعَاءُ ، وَعَلَيْكَ الاسْتِجَابَةُ ، وَهَذَا الْجُهْدُ ، وَعَلَيْكَ التُّكْلاَنُ ، وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللهِ )

'അല്ലാഹുവേ, ഞങ്ങൾ ഇതാ പ്രാർത്ഥിച്ചിരിക്കുന്നു, ഉത്തരം തരുന്നവൻ നീയാണ്. ഞങ്ങൾ പരിശ്രമിച്ചിരിക്കുന്നു, നിന്റെ മേൽ ഭരമേൽപ്പിക്കുന്നു. അല്ലാഹുവിനല്ലാതെ യാതൊരു ശക്തിയും കഴിവും ഇല്ല തന്നെ'.

( اَللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيْمَ وَعَلَى آلِ إِبْرَاهِيْمَ إِنَّكَ حَمِيْدٌ مَجِيْدٌ، اَللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيْمَ وَعَلَى آلِ إِبْرَاهِيْمَ إِنَّكَ حَمِيْدٌ مَجِيْدٌ )

'അല്ലാഹുവേ, മുഹമ്മദ് നബി(ﷺ)ക്കും അവിടുത്തെ കുടുംബങ്ങൾക്കും, നീ കാരുണ്യം ചൊരിഞ്ഞു കൊടുക്കണമേ,ഇബ്രാഹീം നബിക്കും അവിടുത്തെ കുടുംബത്തിന്നും നീ കാരുണ്യം ചൊരിഞ്ഞു കൊടുത്ത പോലെ. തീർച്ചയായും നീ സ്തുത്യർഹനും മഹാനുമത്രെ.മുഹമ്മദ് നബി(ﷺ)ക്കും അവിടുത്തെ കുടുംബത്തിന്നും അനുഗ്രഹം വർഷിക്കേണമേ, ഇബ്രാഹീം നബി(ﷺ)ക്കും കുടുംബത്തിന്നും നീ അനുഗ്രഹം വർഷിച്ച പോലെ. നീ തീർച്ചയാ യും സ്തുത്യർഹനും മഹാനും തന്നെ.'

وصلى الله وسلم على نبينا محمد

**********